മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 02 THE ONLINE OFFICIAL NEWS BULLETIN 2026 January 08

SEASON OF THE EPIPHANY ദനഹാകാലം ܥܕܢܐ ܕܕܢܚܐ

ܚܕ ܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
11 3 1st Sunday after Epiphany	12 7	13 3	14 7	15 1 I'do d-yeldas Aloho d Al Zar'o ✠Feast of St. Mary for Seeds Comme. of Paul the Monk	16 7	17 3



പരിശുദ്ധ ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഓർമ്മപ്പെരുന്നാളിന് ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ പ. കാതോലിക്കാ ബാവാ മുഖ്യകാർമ്മികത്വം വഹിച്ചു.



മലങ്കര ഓർത്തഡോക്സ് സഭ തിരുവനന്തപുരത്തു സംഘടിപ്പിച്ച ക്രിസ്മസ് – പുതുവത്സര സ്നേഹസംഗമം 'മൈത്രി' മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ, മന്ത്രിമാരായ കെ. രാജൻ, വി. ശിവൻകുട്ടി, എഐസിസി ജനറൽ സെക്രട്ടറി കെ. സി. വേണുഗോപാൽ, സ്പീക്കർ എ. എൻ. ഷംസീർ, ബിജു ഉമ്മൻ, തിരുവനന്തപുരം മേയർ വി. വി. രാജേഷ്, പാളയം ഇമാം വി. പി. സുഹൈബ് മൗലവി, രമേശ് ചെന്നിത്തല, സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി എന്നിവർ സമീപം.



അഖില മലങ്കര പ്രാർത്ഥനായോഗം വയോജനശ്രദ്ധാ പദ്ധതി ചാരെയുടെ നേതൃപരിശീലന ക്യാമ്പ് ദേവലോകം അരമനയിൽ പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. അഡ്വ. ബിജു ഉമ്മൻ, മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ, ഡോ. വർഗീസ് പുന്നൂസ്, ഫാ. ബിജു മാത്യു പ്രക്കാനം, ഫാ. മത്തായി കുന്നിൽ എന്നിവർ സമീപം.



കോട്ടയം ബസേലിയസ് കോളജിൽ പേട്രൺ സെയിന്റ്സ് ഡേ ആചരിച്ചു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ച ചടങ്ങിൽ സംവിധായകൻ ജയരാജ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. ബസേലിയസ് കോളജിന്റെ നാമഹേതുകനായ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ പ്രഥമ ബസേലിയൻ ശ്രേഷ്ഠ പുരസ്ക്കാരം പിന്നണി ഗായിക കേരളശ്രീ വൈക്കം വിജയലക്ഷ്മിക്ക് പ. കാതോലിക്കാ ബാവാ സമ്മാനിച്ചു.



സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ (കുണ്ടറ വലിയപള്ളി) നടന്ന വിശുദ്ധ ദനഹാ ശുശ്രൂഷകൾക്ക് ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ മുഖ്യ കാർമ്മികത്വം വഹിച്ചു.



58-ാമത് നിലയ്ക്കൽ കൺവൻഷൻ റാന്നി മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്ററിൽ സഖറിയ മാർ സേവേറിയോസ് ഉത്ഘാടനം ചെയ്തു വചന ശുശ്രുഷ നിർവ്വഹിച്ചു. നിലയ്ക്കൽ ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ജോഷ്വാ മാർ നിക്കോദിമോസ് അധ്യക്ഷത വഹിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ന്യൂനപക്ഷങ്ങൾക്കെതിരേയുള്ള ആക്രമണത്തിൽ പ്രതികരിച്ച് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ

ഇന്ത്യ ഫോർ ഹിന്ദൂസ് എന്നത് ഇന്ത്യയിൽ ചെലവാകില്ല

അക്രമികൾ പള്ളിക്കകത്ത് കയറാൻ അധികം താമസമുണ്ടാകില്ല
നിയന്ത്രിക്കേണ്ടത് രാജ്യം ഭരിക്കുന്നവർ


കോട്ടയം: രാജ്യത്ത് ക്രൈസ്തവർക്കെതിരെയുള്ള അതിക്രമങ്ങൾ ഇന്നു പള്ളിക്കു പുറത്താണെങ്കിൽ നാളെ പള്ളിക്കകത്തെ ആരാധനയ്ക്കിടയിലായിരിക്കുമെന്ന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ. അതു നിയന്ത്രിക്കേണ്ടത് രാജ്യം ഭരിക്കുന്നവരാണ്. അവർ അതിനെതിരെ ശബ്ദമുയർത്താതെയും അപലപിക്കാതെയും ഇരിക്കുമ്പോൾ ഇത് അവരുടെ പദ്ധതിയുടെ ഭാഗമാണെന്നേ ക്രിസ്ത്യാനികൾക്ക് അല്ലെങ്കിൽ മതന്യൂനപക്ഷങ്ങൾക്കു മനസിലാക്കാൻ സാധിക്കൂ എന്നും കാതോലിക്കാ ബാവാ പറഞ്ഞു. കറുകച്ചാൽ പനയമ്പാല സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലെ ശതാബ്ദി സമാപനത്തിന്റെ ഭാഗമായി നടന്ന വി. കുർബ്ബാനമദ്ധ്യേ പ്രസംഗിക്കുകയായിരുന്നു ബാവാ.

ക്രൈസ്തവ സമൂഹത്തിനതിരെ നടക്കുന്ന അതിക്രമങ്ങൾ വർധിച്ചു വരികയാണ്. ഇവിടെ ശരിയായ ബോധവത്കരണം നടത്തേണ്ടത് ആവശ്യമാണ്. ആർ.എസ്.എസിന്റെ പോഷകസംഘടനകളായ ബജരംഗ്ദൾ, വി.എച്ച്.പി. എന്നിവ ക്രൈസ്തവരെ അല്ലെങ്കിൽ ന്യൂനപക്ഷങ്ങളെ ആക്രമിക്കുന്ന സംഭവങ്ങൾ തെറ്റായ സമീപനത്തിലാണ്. ദിവസവും ഇത്തരം സംഭവങ്ങൾ മാധ്യമങ്ങളിലുണ്ട്. കന്യാസ്ത്രീകൾ കഴിഞ്ഞപ്പോൾ വൈദികരായി. പള്ളിയുടെ പുറത്തുള്ള ആഘോഷങ്ങൾക്കെതിരായി. അക്രമികൾ അകത്ത് കയറാൻ അധികം താമസമില്ല. പള്ളിക്കകത്തുള്ള ആരാധനയിലാകും ഇനിയുള്ള അക്രമങ്ങൾ ഉണ്ടാകുന്നത്. അതു നമ്മൾ പ്രതിക്ഷിച്ചിരിക്കണം. ഏതു മതവും സത്യം, നീതി, സ്നേഹം എന്നീ സന്ദേശങ്ങളാണ് ഉയർത്തുന്നത്. ഏതു മതത്തിലും മത ഭ്രാന്തന്മാരുണ്ടാകാം. അവരെ നിയന്ത്രിക്കാൻ ഏതു രാജ്യത്തായാലും ഭരണകർത്താക്കളാണ് ഉത്തരവാദപ്പെട്ടവർ. നമ്മൾ മതത്തിന്റെ ആചാരവും എല്ലാത്തരത്തിലു മുള്ള സ്വാതന്ത്ര്യവും അനുഭവിക്കുന്നുണ്ട്.

ഭരണഘടനയുടെ മുന്നിൽ ഇന്ത്യയിലുള്ള എല്ലാവരും ഒരുപോലെ സ്വതന്ത്രരാണ്. അത് ഭൂരിപക്ഷ മതമെന്നോ ന്യൂനപക്ഷ മതമെന്നോ വ്യത്യാസമില്ല. ഏതു മതത്തിൽ വിശ്വസിക്കാനും അതു വിനിയോഗിക്കാനും അതു പ്രചരിപ്പിക്കാനുമുള്ള അവകാശമുണ്ട്. ഈ പ്രചാരണത്തിനുള്ള അവകാശം ആർക്കും നിഷേധിക്കാൻ സാധിക്കില്ല.

ആരാധനാലയങ്ങൾ നിർമ്മിക്കാനും ആരാധിക്കാനും എല്ലാ മതങ്ങൾക്കും ഒരുപോലെ സ്വാതന്ത്ര്യം ദൈവം നൽകുന്നതാണ്, അല്ലെങ്കിൽ ഭരണഘടന നൽകുന്നതാണ്. അതിനു വിപരീതമായി പ്രവർത്തിക്കാൻ ഏതാനും ചില തീവ്രവാദികൾക്കോ തീവ്രവാദ സംഘങ്ങൾക്കോ അവകാശമില്ല. അതു നിയന്ത്രിക്കേണ്ടവർ രാജ്യം ഭരിക്കുന്ന ഭരണാധിപന്മാരാണ്. അപലപിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുന്നില്ലെങ്കിൽ നിശബ്ദമായി അതിന് അംഗീകാരം കൊടുക്കുന്നതായി എല്ലാവരും കരുതുമെന്നും മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ചൂണ്ടിക്കാട്ടി.

അമേരിക്ക ഫോർ അമേരിക്കൻസ് എന്ന് ഡോണൾഡ് ട്രംപ് പറയുന്നതുപോലെ ഇന്ത്യ ഫോർ ഹിന്ദൂസ് എന്ന് ആർഎസ്എസ് ആപ്ത വാക്യമുണ്ടെങ്കിൽ അത് ഇന്ത്യയിൽ ചെലവാകില്ല. ക്രിസ്ത്യാനികൾക്ക് അതിനുവേണ്ടി രക്തസാക്ഷികൾ ആകുന്നതിനു മടിയുമില്ല. കാരണം, ക്രിസ്തീയ മതം ഉണ്ടായിരിക്കുന്നതു രക്തസാക്ഷിത്വത്തിലൂടെയും പീഡനത്തിലൂടെയുമാണ്. പീഡനങ്ങൾക്കെതിരേയുള്ള ചെറുത്തുനില്പ് ഒന്നാം നൂറ്റാണ്ടിൽ തുടങ്ങിയതാണ്.



കഴിഞ്ഞ ദിവസം ക്രിസ്മസ് ആഘോഷത്തിനായി ഒരു മാളിൽ വച്ചിരുന്ന ക്രിസ്മസ് ചിഹ്നങ്ങൾ നശിപ്പിച്ച കുറേയാളുകൾ ഒരു പള്ളിയുടെ പുറത്തുനിന്നു പറയുന്നത് വിദേശ മതം ഇവിടെ വേണ്ടായെന്നാണ്. അതു കേട്ടപ്പോൾ എനിക്കു ചിരിയാണു തോന്നിയത്. അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് പറയാറുണ്ട്, അമേരിക്ക ഫോർ അമേരിക്കൻസ്. അതുപോലെ ഇവിടെ ഹിന്ദുക്കൾ ആണ് 80 ശതമാനം, അതുകൊണ്ടു വിദേശികൾ പാടില്ലായെന്നു പറയുന്നതു തെറ്റിദ്ധാരണയാണെന്നു ചരിത്രം അറിയാവുന്ന ഏവർക്കും മനസിലാകും.

ആരാണു ഹിന്ദുക്കൾ?

ക്രിസ്തുവിനു മുമ്പ് 2000-ൽ ഇറാനിൽ നിന്ന് ഇവിടെ കുടിയേറി പാർത്ത ആര്യന്മാരാണിവർ. ബ്രാഹ്മണിയ ആരാധന ഉണ്ടായിക്കഴിഞ്ഞ് ഉണ്ടായ മതമാണ് ഹിന്ദുമതം. ഇന്ത്യയിൽ ജനിച്ചു വളർന്ന ഒരു ആര്യനുമില്ല ഒരു ഹിന്ദുവുമില്ല. എല്ലാവരും ഇറാൻ പ്രദേശത്തു നിന്നു വന്നവരാണ്. ഇങ്ങനെ 2000 ബിസിയിൽ രാജ്യത്ത് എത്തിയവർ പറയുകയാണ് വിദേശികൾ തിരിച്ചു പോകണമെന്ന്.

ആരാണു വിദേശി?

ഓരോരുത്തരും മതം അനുസരിച്ചു ജീവിക്കുന്നവരാണ്. ഹിന്ദുക്കൾ ഹിന്ദു വിശ്വാസത്തിൽ ഇന്ത്യയിൽ ജനിച്ചു വളർന്നവരാണ്. ഇവിടത്തെ ക്രിസ്ത്യാനികൾ എഡി 52 മുതൽ ക്രിസ്തുമതം സ്വീകരിച്ച് ഇവിടെ ജനിച്ചു വളർന്ന ഈ രാജ്യത്തെ പൗരന്മാരാണ്. ഇസ്രയേലിൽ നിന്നുള്ള ആളുകൾ ആരും ഇവിടെ ക്രിസ്ത്യാനികളായിട്ടില്ല. അറബി രാജ്യത്തു നിന്ന് ആരും ക്രിസ്ത്യാനികളായിട്ടില്ല. ഇവിടെയുള്ളവർ ഇന്ത്യയിൽ ജനിച്ചുവളർന്നവരാണ്.

ഇവിടത്തെ മുസ്ലിംകളും അങ്ങനെ തന്നെയാണ്. അവരും ഇവിടെ ജനിച്ചു വളർന്നവരാണ്.

മധ്യപൂർവ ദേശങ്ങളിലുള്ള മുസ്ലിംകൾ ആരും ഇവിടെയില്ല. ആ മതത്തിനും ഇവിടെ നിൽക്കാനുള്ള അവകാശമുണ്ട്. ക്രിസ്തുമതത്തിനുമുണ്ട്. അതുപോലെ ഹിന്ദുമതത്തിനുമുണ്ട്. അതുകൊണ്ട് വിദേശികൾ പോകണമെന്നു പറയുമ്പോൾ പറയുന്നവരുടെ അറിവില്ലായ്മയെക്കുറിച്ചു വിലപിക്കുകയല്ലാതെ തരമില്ല. പക്ഷേ ആ അറിവില്ലായ്മയ്ക്ക് ഒത്താശ ചെയ്തു കൊടുക്കുകയോ ഓശാന പാടുകയോ ചെയ്യുന്ന ഭരണാധികാരികൾ ഉള്ളപ്പോൾ ന്യൂനപക്ഷങ്ങൾ തമസ്ക്കരിക്കപ്പെടും.

നാം ഇതറിഞ്ഞിരിക്കേണ്ടത് ന്യൂനപക്ഷങ്ങൾക്കെതിരായിട്ടുള്ള ആക്രമണങ്ങൾ വരുമ്പോൾ അവരെ പറഞ്ഞു ബോധ്യപ്പെടുത്താനാണെന്നും മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പറഞ്ഞു.

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1957)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



19 തിങ്കൾ. പരുമല. പരുമല സെമിനാരിയിൽ നിന്നും നാം രാവിലെ കാപ്പി മേശയും കഴിഞ്ഞ് ഒമ്പതര മണിയോടു കൂടി കുറ്റിക്കണ്ടത്തിൽ അലക്സാണ്ടർ കത്തനാരുടെ മകളുടെ വിവാഹം നടത്തിക്കൊടുക്കയും ഉടനെതന്നെ പരുമല സെമിനാരിയിൽ വന്ന് നാം വിശ്രമിച്ചു. അനേകം പട്ടക്കാരും സംബന്ധിച്ചിരുന്നു. പരുമല സെമിനാരി മാനേജരും മത്തായി കത്തനാരും നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്കാരശേഷം നാം വിശ്രമിച്ചു.

20 ചൊവ്വ. പരുമല. മൂലവട്ടത്തു നിന്ന് അബ്രഹാം കത്തനാരും തലവടിയിൽ നിന്ന് ബഹനാൻ കത്തനാരും നമ്മെ കാണുന്നതിനായി വന്നിരുന്നു. പരുമല സെമിനാരി മാനേജരും മത്തായി കത്തനാരും നമ്മോടു കൂടി താമസിച്ചു.

21 ബുധൻ. പരുമല. മട്ടയ്ക്കൽ അലക്സാണ്ടർ കത്തനാരും കാട്ടുപറമ്പിൽ തോമസ് കത്തനാരും തിരുമൂല പള്ളി വികാരി ഗീവർഗീസ് കത്തനാരും വന്നിരുന്നു. മാനേജരും മത്തായി കത്തനാരും നമ്മോടു കൂടി താമസിച്ചു.

22 വ്യാഴം. പരുമല. കല്ലുവിളയിൽ മത്തായി കത്തനാരും പള്ളിക്കാരും നമ്മെ കാണുന്നതിന് വന്നിരുന്നു. മാനേജരും മത്തായി കത്തനാരും നമ്മോടു കൂടി താമസിച്ചു.

23. വെള്ളി. പരുമല. വെങ്ങാഴിയിൽ ജോർജ് കത്തനാരും നമ്മെ കാണുന്നതിനായി വന്നിരുന്നു. മത്തായി കത്തനാരും മാനേജർ മാത്യൂസ് കത്തനാരും നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്കാരശേഷം വിശ്രമിച്ചു.

24 ശനി. പരുമല. നാം സുഖമായി താമസിച്ചു. പഴയസെമിനാരി മാനേജർ ജേക്കബ് കത്തനാരും നൈനാനും കൂടി നമ്മെ കാണുന്നതിനായി വന്നിരുന്നു. കേസിന്റെ പണപിരിവ് കാര്യം നമ്മെ അറിയിച്ചു. മട്ടയ്ക്കൽ ജോർജ് കത്തനാർ നമ്മെ കാണുന്നതിനായി വന്നിരുന്നു. സന്ധ്യാനമസ്കാരശേഷം നാം വിശ്രമിച്ചു. മാനേജരും മത്തായി കത്തനാരും നമ്മോടു കൂടി താമസിച്ചു.

25 ഞായർ. പരുമല. ശൂനോയൊയ്ക്കു ശേഷം രണ്ടാം ഞായർ ആയിരുന്നു. നാം വി. കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ അര മണിക്കൂർ നേരം പ്രസംഗിച്ചു. പതിനൊന്നര മണിയോടു കൂടി കുർബ്ബാന കഴിഞ്ഞ് നാം വിശ്രമിച്ചു. ചെന്നിത്തല പള്ളി വികാരി മത്തായി കത്തനാരും ട്രസ്റ്റി മുതൽപേരും വന്നിരുന്നു. പള്ളിക്കേസ് സംബന്ധമായ കാര്യങ്ങളെക്കുറിച്ച് അറിയിച്ചു. മാന്നാർ മർത്തമറിയം പള്ളി വികാരി അലക്സാണ്ടർ കത്തനാരും പള്ളിക്കാരും വന്നിരുന്നു. തുലാ മാസത്തിൽ പരുമല പെരുന്നാൾ കഴിയുന്ന ഞായറാഴ്ച മാന്നാർ പള്ളിയ്ക്കു കല്ല് ഇടുന്ന കാര്യം നമ്മെ അറിയിച്ചു. മാനേജർ മാത്യൂസ് കത്തനാരും മത്തായി കത്തനാരും നമ്മോടു കൂടി താമസിച്ചു.

26 തിങ്കൾ. പരുമല. നാം സുഖമായി താമസിച്ചു. മാനേജർ മാത്യൂസ് കത്തനാരും മത്തായി കത്തനാരും നമ്മോടു കൂടി താമസിച്ചു.

27 ചൊവ്വ. പരുമല നിന്നും കുണ്ടറയ്ക്കുള്ള യാത്രാദിവസം.

Diary Book
His Holiness Moran Mar Baselius
Catholicos of the East
27-8-1957 - 20-8-1958

കുണ്ടറ സെമിനാരി, ആഗസ്റ്റ് 27, 1957

27 ചൊവ്വ. നാം പരുമല സിമ്മനാരിയിൽ[1] നിന്നും 2 മണിയോടുകൂടി കുണ്ടറ സെമിനാരിയിലേയ്ക്കു തിരിച്ചു. 5 1/2 മണിയോടു കൂടി കുണ്ടറ വന്നുചേർന്നു. കൂറിലോസ് മെത്രാച്ചൻ[2] ഉണ്ടായിരുന്നു. കോശി കത്തനാരും യാക്കോബ് കത്തനാരും മറ്റും നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു.

28 ബുധൻ. കൂറിലോസു മെത്രാച്ചൻ നമ്മോടു കൂടി താമസിച്ചു. കോശി കത്തനാരും യാക്കോബ് കത്തനാരും നമ്മോടുകൂടി താമസിച്ചു.

29 വ്യാഴം. രാവിലെ കാപ്പിമേശയും കഴിഞ്ഞ് കൊല്ലം സെന്റ് തോമസ് ചാപ്പൽ[3] കാണുന്നതിനായി കൂറീലോസു മെത്രാച്ചനുമൊന്നിച്ചു ആ പള്ളിയിൽ എത്തി. ലുത്തിനിയായ്ക്കു ശേഷം പള്ളിയും പരിസരവും കാണുകയുണ്ടായി. ധാരാളം ആളുകളും സംബന്ധിച്ചു. കാപ്പിമേശയും കഴിഞ്ഞ് 11 1/2 മണിയോടു കൂടി കുണ്ടറ സിമ്മനാരിയിൽ വന്നുചേർന്നു. കൂറിലോസു മെത്രാച്ചനെ മാവേലിക്കര പുതിയകാവ് പള്ളിയിലെ കമ്മിറ്റിയും മറ്റും കൂടുന്നതിനായി നാം അയച്ചു. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു. യാക്കോബ് കത്തനാർ നമ്മോടുകൂടി താമസിച്ചു.

30 വെള്ളി. പയ്യമ്പള്ളി ദാവീദ് കത്തനാർ വന്ന് കടമ്പനാട് ഹോറെബ് ദയറായും മറ്റും തിരുമനസ്സുകൊണ്ട് കണ്ടില്ലല്ലോ എന്നും മറ്റും അറിയിച്ചു. ദാവിദ് കത്തനാരും യാക്കോബ് കത്തനാരും നമ്മോടുകൂടെ താമസിച്ചു.

31 ശനി. നാം രാവിലെ കാപ്പിമേശയും കഴിഞ്ഞ് കടമ്പനാട് ഹോറെബ് ദയറായിൽ 11 മണിയോടു കൂടി എത്തി. ദയറായിൽ പുതുതായി പണികഴിപ്പിച്ച കെട്ടിടവും മറ്റും കാണുകയുണ്ടായി. ലുത്തിനിയായ്ക്കു ശേഷം നാം വിശ്രമിച്ചു. ഉച്ചമേശ കഴിഞ്ഞ് അവിടെ നിന്നും പുതിയകാവ് പള്ളിയിൽ 3 1/2 മണി

യോടു കൂടി വന്നുചേർന്നു. ലുത്തിനിയാ കഴിഞ്ഞ് നാം വിശ്രമിച്ചു. കൂറിലോസു മെത്രാച്ചൻ ഓതറ[4] നിന്നും വന്ന് നമ്മോടു കൂടി താമസിച്ചു. പള്ളിവികാരിയും മറ്റും വന്ന് നമ്മെ കാണുകയുണ്ടായി. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു. കൂറിലോസ് മെത്രാച്ചൻ നമ്മോടു കൂടെ താമസിച്ചു.

1957 സെപ്റ്റംബർ

സെപ്റ്റംബർ 1 ഞായർ. മാവേലിക്കര പുതിയകാവ് പള്ളി. 7 മണിയോടു കൂടി പ്രഭാത നമസ്ക്കാരം ആരംഭിച്ചു. തുടർന്നു വി. മൂന്നിന്മേൽ കുർബാന ആരംഭിച്ചു. നാം നടുക്കുള്ള ത്രോണോസിലും കൂറിലോസു മെത്രാച്ചനും വർഗ്ഗീസ് കത്തനാരും മറ്റ് ത്രോണോസിലും ആയിരുന്നു. കുർബാന കഴിഞ്ഞ് കൂറീലോസ് മെത്രാച്ചൻ 1/2 മണിക്കൂർ പ്രസംഗിച്ചു. നാം കേസ്[5] നടത്തുന്ന കാര്യവും മറ്റും 1/2 മണിക്കൂർ സമയം പ്രസംഗിച്ചു. അതിനുശേഷം നാം വിശ്രമിച്ചു. 2 മണിയോടുകൂടി പള്ളി പൊതുയോഗം മെത്രാച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. കെ. എം. ചെറിയാനും[6] മാത്തൻ തരകനും[7] മറ്റും വന്ന് നമ്മെ കാണുകയും കോളജിന് പുതിയകാവ് പള്ളിയിൽ നിന്നും വാഗ്ദാനം ചെയ്ത തുക തരുന്ന കാര്യം പൊതുയോഗത്തിൽ പ്രസ്താവിക്കുന്ന കാര്യം അറിയിച്ചു. എ. ഡി വർഗീസ് വന്ന് നമ്മെ കുത്തിവയ്ക്കുകയുണ്ടായി. പൊതുയോഗം കഴിഞ്ഞ് ആ പള്ളിയിൽ നിന്നും കേസിന് തരാനുള്ള തുക നമ്മെ ഏല്പിച്ചു. വഴുവാടിയിലെ ദാനിയേൽ ഉപദേശി മരിച്ച വിവരം നമ്മെ അറിയിക്കുകയും നാം പള്ളിയിൽ വച്ചു നാലാമത്തെ ശുശ്രൂഷ നടത്തുകയുമുണ്ടായി. കൂറിലോസ് മെത്രാച്ചനും സംബന്ധിച്ചു. ഉമ്മൻ കത്തനാർ നമ്മെ വന്നു കാണുകയുണ്ടായി. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു. കൂറിലോസ് മെത്രാച്ചനും വർഗ്ഗീസ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

2 തിങ്കൾ (8 നൊമ്പ് ദിവസം).[8] രാവിലെ വി. കുർബാന ഉണ്ടായിരുന്നു. നാം കുർബാനയിൽ സംബന്ധിക്കയും കുർബാനമദ്ധ്യേ 1/2 മണിക്കൂർ പ്രസംഗിക്കുകയും ചെയ്തു. കാപ്പിമേശയും കഴിഞ്ഞ് തുമ്പോൺ പള്ളിയിൽ[9] 11 മണിയോടു കൂടി വന്നുചേർന്നു. കോട്ടയത്തു നിന്നും മാനേജരും[10] നൈനാനും[11] വന്നിരുന്നു. കേസിന്റെ ഒരു ആവശ്യത്തിലേയ്ക്കു 500 രൂപ നമ്മെ ഏല്പിച്ചു. പുതിയകാവ് പള്ളിയിലെ പണവും തുമ്പോൺ പള്ളിയിൽ നിന്നും കിട്ടിയ പണവും മാനേജരെ ഏല്പിച്ചു. പീലക്സിനോസ് മെത്രാച്ചൻ[12] വന്നിരുന്നു. മെത്രാച്ചൻ 5 മണിയോടു കൂടി പത്തനംതിട്ടയ്ക്ക് പോയി. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു. ശമുവേൽ കത്തനാർ നമ്മോടു കൂടി താമസിച്ചു.


സെപ്റ്റംബർ 3 ചൊവ്വാ. രാവിലെ കാപ്പിമേശ കഴിഞ്ഞ് തുമ്പമൺ പള്ളിയിൽ നിന്ന് പത്തനംതിട്ട ബേസിൽ ദയറായിൽ 11 മണിയോടു കൂടി വന്നുചേർന്നു. പീലക്സിനോസ് മെത്രാച്ചൻ അവിടെ ഉണ്ടായിരുന്നു. ഉച്ചനമസ്ക്കാരം കഴിഞ്ഞ ഉടനെതന്നെ അരമനയുടെ കൂദാശ നടത്തുകയുണ്ടായി. വാഴമുട്ടം ജോഷ്വാ കത്തനാർ നമ്മെ കാണുന്നതിനായി വന്നിരുന്നു. ദാവീദ് കത്തനാരും ഗബ്രിയേൽ കത്തനാരും പീലക്സിനോസ് മെത്രാച്ചനും നമ്മോടു കൂടി താമസിച്ചു. കോളജ് പ്രിൻസിപ്പൽ നമ്മെ വന്നു കാണുകയുണ്ടായി. സന്ധ്യാ നമസ്ക്കാരശേഷം നാം വിശ്രമിച്ചു.

4 ബുധൻ. രാവിലെ കാപ്പിമേശയും കഴിഞ്ഞ് മെത്രാച്ചനും ഒന്നിച്ചു കോളജിന്റെ പുതിയ കെട്ടിടങ്ങൾ കാണുന്നതിനായി പോയി. പ്രിൻസിപ്പൽ നൈനാനും[13] ഉണ്ടായിരുന്നു. ഉച്ചമേശ കഴിഞ്ഞ് നാം മാക്കാംകുന്ന് പള്ളിയിൽ പോയി. ലുത്തിനിയാ കഴിഞ്ഞ് അല്പസമയം വിശ്രമിച്ചു. തെങ്ങുംതറയിൽ ഗീവർഗ്ഗീസ് കോർഎപ്പിസ്ക്കോപ്പാ വന്നിരുന്നു. 4 മണിയ്ക്കു കാപ്പിമേശയും കഴിഞ്ഞ് കോട്ടയത്തിനു തിരിച്ചു. 5 മണിയോടു കൂടി ദേവലോകം അരമനയിൽ വന്നുചേർന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

5 വ്യാഴം. ഉച്ചമേശ കഴിഞ്ഞ് നാം പഴയസെമിനാരിയിൽ[14] പോയിരുന്നു. മാനേജരും മണലിൽ യാക്കോബ് കത്തനാരും[15] അവിടെ ഉണ്ടായിരുന്നു. കാപ്പിമേശ കഴിഞ്ഞ് 5 മണിയോടു കൂടി ദേവലോകത്തു വന്നുചേർന്നു. മല്പാൻ യോഹന്നാൻ കത്തനാർ[16] നമ്മോടു കൂടി താമസിച്ചു.

6 വെള്ളി. മണലിൽ യാക്കോബ് കത്തനാരും പഴയസെമിനാരി മാനേജരും നമ്മെ കാണുന്നതിനായി വന്നിരുന്നു. 4 മണിയോടു കൂടി ഈവാനിയോസ് മെത്രാച്ചൻ[17] വന്നിരുന്നു. ഉടനെതന്നെ പോകയും ചെയ്തു. 8 മണിക്ക് കെ. ഒ. മാത്യു വക്കീൽ നമ്മെ കാണുന്നതിനായി വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടു കൂടി താമസിച്ചു.

7 ശനി. 8 മണിയോടു കൂടി ഈവാനിയോസ് മെത്രാച്ചൻ വന്നിരുന്നു. ഉടനെതന്നെ വിദ്യാഭ്യാസബില്ലിൽ പ്രതിഷേധിച്ചുള്ള കമ്മിറ്റി മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി പോകയും ചെയ്തു. 4 1/2 മണിയോടു കൂടി ദീവന്നാസ്യോസ് മെത്രാച്ചനും[18] തോമസ് കത്തനാരും വന്നിരുന്നു. ഉടനെതന്നെ തിരുവല്ലായ്ക്കു പോയി. 7 1/2 മണിക്ക് മാർത്തോമ്മായിലെ മെത്രാച്ചൻ[19] നമ്മെ കാണുന്നതിനായി വരുകയും ഉടനെതന്നെ പോകയും ചെയ്തു.



8 ഞായർ. ദൈവമാതാവിന്റെ ജനനപ്പെരുനാൾ ആയിരുന്നു മല്പാൻ യോഹന്നാൻ കത്തനാർ കുർബാന ചൊല്ലി. നാം കുർബാനയിൽ സംബന്ധിച്ചു. കുർബാനമദ്ധ്യേ നാം 1/2 മണിക്കൂർ പ്രസംഗിച്ചു. ഉച്ചമേശ കഴിഞ്ഞ് 1 1/2 മണിയോടു കൂടി ഓണാട്ടു പുന്നൻ വക്കീലിന്റെ മകളുടെ വിവാഹം നടത്തിക്കൊടുക്കുന്നതിനായി ഏലിയാ ചാപ്പലിലേക്കു[20] പോകയും ചെന്ന് അല്പസമയം വിശ്രമിച്ച ശേഷം വിവാഹം നടത്തുകയും ഉടനെതന്നെ ദേവലോകത്തേക്കു പോരുകയും ചെയ്തു. അത്താനാസിയോസ് മെത്രാച്ചനും,[21] അനേകം വൈദികരും സംബന്ധിച്ചിരുന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

9 തിങ്കൾ. നാം സുഖമായി താമസിച്ചു. പഴയസെമിനാരി മാനേജർ യാക്കോബ് കത്തനാർ വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

10 ചൊവ്വ. മൂലവട്ടത്തുനിന്ന് അബ്രഹാം കത്തനാർ[22] വന്നിരുന്നു. മാവേലിക്കര നിന്നും പറമ്പിൽ അലക്സാണ്ടർ കത്തനാർ വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

11 ബുധൻ. വട്ടശ്ശേരിൽ പീലിപ്പോസ് കത്തനാർ വന്നിരുന്നു. 4 മണിയോടു കൂടി തിരുവല്ലായിൽ നിന്ന് ദീവന്നാസ്യോസ് മെത്രാച്ചനും ഏലിയാസ് കോർഎപ്പിസ്ക്കോപ്പായും ഗീവർഗ്ഗീസ് കത്തനാരും പടുവെ പള്ളി സംബന്ധമായ കാര്യങ്ങൾ നമ്മെ വന്ന് അറിയിച്ചു. 6 മണിയോടുകൂടി മെത്രാച്ചൻ തിരുവല്ലായ്ക്ക് പോയി. അബ്രഹാം കത്തനാർ നമ്മോടുകൂടി താമസിച്ചു.

12 വ്യാഴം. കൗൺസിൽ ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും, പീലക്സിനോസ് മെത്രാച്ചനും, അത്താനാസ്യോസ് മെത്രാച്ചനും വന്നിരുന്നു. 5 മണിയോടു കൂടി കൗൺസിൽ കഴിഞ്ഞ് പഴയസെമിനാരി മാനേജർ വന്നിരുന്നു. അബ്രഹാം കത്തനാർ നമ്മോടുകൂടി താമസിച്ചു.

13 വെള്ളി. ഉച്ചമേശ കഴിഞ്ഞ് 2 മണിയോടുകൂടി പുത്തൻകാവ് പള്ളിയിലേക്കു പറപ്പെട്ടു. 3 1/2 മണിയോടുകൂടി ചെന്നുചേർന്നു. ലുത്തിനിയാ കഴിഞ്ഞ് നാം വിശ്രമിച്ചു. ജോൺ കത്തനാർ നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

14 ശനി. സ്ലീബാ പെരുന്നാൾ ആയിരുന്നു. പുത്തൻകാവ് പള്ളിയിൽ നാം വി. കുർബാന അർപ്പിച്ചു. ബസ്മൽക്കോയ്ക്ക് ഇടയ്ക്ക് സ്ലീബാ ആഘോഷ ശുശ്രൂഷ നടത്തി. 10 1/2 മണിയോടുകൂടി കുർബാന കഴിഞ്ഞു. പീലക്സിനോസ് മെത്രാച്ചൻ വന്നിരുന്നു. 2 മണിയോടു കൂടി മെത്രാച്ചനുമൊന്നിച്ച് ആറാട്ടുപുഴ പള്ളിയിൽ സ്ലീബാദാസ സമൂഹത്തിന്റെ[23] വാർഷിക മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി പോകുകയും പള്ളിയിൽ എത്തി ഉടനെ ലുത്തിനിയാ നടത്തിയശേഷം മീറ്റിംഗ് ആരംഭിച്ചു. ഒസ്താത്തിയോസ് മെത്രാച്ചൻ[24] ഉണ്ടായിരുന്നു. അനേകം വൈദികരും യോഗത്തിൽ സംബന്ധിച്ചിരുന്നു. 4 മണിയോടു കൂടി കാപ്പിമേശയും കഴിഞ്ഞ് കോട്ടയത്തിനു പോന്നു. 5 1/2 മണിയോടു കൂടി ദേവലോകം അരമനയിൽ വന്നുചേർന്നു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടുകൂടി താമസിച്ചു.

15 ഞായർ. സ്ലീബാ പെരുന്നാളിനു ശേഷം ഒന്നാം ഞായറാഴ്ച ആയിരു

ന്നു. നാം ഏലിയാ ചാപ്പലിൽ കുർബാന അർപ്പിച്ചു. മൂന്നിന്മേൽ ആയിരുന്നു (ഫാ. എം. വി. ജോർജ്,[25] ഫാ. ഇ. പി. ജേക്കബ്). കുർബാന കഴിഞ്ഞ് യാക്കോബ് കത്തനാർ പ്രസംഗിച്ചു. ഉടനെതന്നെ റാസയും തുടർന്നു കൈമുത്തും ഉണ്ടായിരുന്നു. കാപ്പിമേശ കഴിഞ്ഞ് നാം ദേവലോകത്ത് വന്നു വിശ്രമിച്ചു. 3 മണിയോടു കൂടി ക്ലിമ്മീസ് മെത്രാച്ചൻ[26] നമ്മെ കാണുന്നതിനു വന്നിരുന്നു. ഹോംസിലേക്കുള്ള യാത്രക്കാര്യം നമ്മെ അറിയിച്ചു. 4 മണിക്കു മെത്രാച്ചൻ കാപ്പിമേശ കഴിഞ്ഞ് ഉടനെ തന്നെ പോകുകയും ചെയ്തു. പഴയസെമിനാരി മാനേജർ വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

16 തിങ്കൾ. കുണ്ടറ നിന്നും കോശി കത്തനാരും ബഥനിയിൽ നിന്നു മാണി കത്തനാരും വന്നിരുന്നു. അബ്രഹാം കത്തനാർ നമ്മോടുകൂടി താമസിച്ചു.

17 ചൊവ്വ. പരുമല നിന്നും മാത്യൂസ് കത്തനാർ[27] വന്നിരുന്നു. പഴയസെമിനാരി മാനേജരും വന്നിരുന്നു. അബ്രഹാം കത്തനാർ നമ്മോടുകൂടി താമസിച്ചു.

18 ബുധൻ. തിരുവല്ലായിൽ നിന്നും ദീവന്നാസ്യോസ് മെത്രാച്ചൻ നമ്മെ കാണുന്നതിനായി വന്നിരുന്നു. ഗീവർഗ്ഗീസ് കത്തനാരും വന്നിരുന്നു. മെത്രാച്ചൻ ഉടനെതന്നെ പോയി. ഈവാനിയോസ് മെത്രാച്ചൻ വന്നിരുന്നു. ഉടനെതന്നെ പോയി. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

19 വ്യാഴം. നാം സുഖമായി താമസിച്ചു. ജോൺ കത്തനാരും അബ്രഹാം കത്തനാരും നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

20 വെള്ളി. അബ്രഹാം കത്തനാർ നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

21 ശനി. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്കാര ശേഷം വിശ്രമിച്ചു.

22 ഞായർ. സ്ലീബാ പെരുനാളിനു ശേഷം 2-ാം ഞായർ. നാം വി. കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ നാം 1/2 മണിക്കൂർ പ്രസംഗിച്ചു. 10 മണിയോടു കൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് വിശ്രമിച്ചു.

23 തിങ്കൾ. ദേവലോകം അരമന ചാപ്പലിൽ വച്ച് കടമ്പനാട്ട് തോമസ്സ് ശെമ്മാശന്റെ വിവാഹം നടത്തുകയുണ്ടായി. മല്പാൻ യോഹന്നാൻ കത്തനാരും മറ്റ് അനേക വൈദികരും ശുശ്രൂഷയിൽ സംബന്ധിച്ചു. പത്തര മണിയോടു കൂടി ശുശ്രൂഷ കഴിഞ്ഞു നാം വിശ്രമിച്ചു. പീലക്സിനോസു മെത്രാച്ചൻ വന്നിരുന്നു. വാഴമുട്ടം ജോഷാ കത്തനാരും പീലിപ്പോസ് കത്തനാരും വന്ന് കോളജ് സംബന്ധിച്ചുള്ള കാര്യങ്ങൾ നമ്മെ അറിയിച്ചു. അബ്രഹാം കത്തനാരും യാക്കോബ് (പീരുമേട്) കത്തനാരും നമ്മോടു കൂടി താമസിച്ചു.

24 ചൊവ്വ. ഏലിയാസ് തോമസ് കോർഎപ്പിസ്ക്കോപ്പാ വന്നിരുന്നു.പടുവെ പള്ളി സംബന്ധിച്ച കാര്യം അറിയിക്കുകയും നമ്മോടു കൂടി താമസിക്കയും ചെയ്തു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു.

25 ബുധൻ. നാം സുഖമായി താമസിച്ചു.

26 വ്യാഴം. കൗൺസിൽ[28] ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും, അത്താനാസിയോസ് മെത്രാച്ചനും കോട്ടയം ഭദ്രാസന സെക്രട്ടറി കോശി കത്തനാരും അബ്രഹാം കത്തനാരും യാക്കോബ് കത്തനാരും വന്നിരുന്നു. 5 മണിയോടു കൂടി കൗൺസിൽ കഴിഞ്ഞു. പത്തിച്ചിറ പള്ളി വികാരി അലക്സാണ്ടർ കത്തനാർ നമ്മോടുകൂടി താമസിച്ചു.

27 വെള്ളി. പഴയസെമിനാരി മാനേജരും യാക്കോബ് കത്തനാരും നമ്മെ കാണുന്നതിനായി വന്നിരുന്നു. ഏലിയാസ് തോമസ്സ് കോറെപ്പിസ്ക്കോപ്പാ നമ്മെ വന്നു കാണുകയും നമ്മോടുകൂടി താമസിക്കയും ചെയ്തു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു.

28 ശനി. പയ്യമ്പള്ളി എബ്രഹാം കത്തനാരും വട്ടശ്ശേരിൽ പീലിപ്പോസ് കത്തനാരും വന്നിരുന്നു. പടുവെ പള്ളി സംബന്ധിച്ച കാര്യം അറിയിച്ചു. ഏലിയാസ് തോമസ് കോർഎപ്പിസ്ക്കോപ്പായ്ക്ക് ചെല്ലാനുള്ള ശമ്പള കുടിശ്ശിക 6 മാസത്തിനകം കൊടുത്തുതീർക്കാൻ വികാരിയെയും മറ്റും ചുമതലപ്പെടുത്തി. പഴയസെമിനാരി മാനേജരും വന്നിരുന്നു. മത്തായി കത്തനാർ പരുമല നിന്നും വന്നു നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

29 ഞായർ. സ്ലീബാപെരുന്നാളിനു ശേഷമുള്ള മൂന്നാം ഞായർ ആയിരുന്നു. നാം വി. കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ നാം 1/2 മണിക്കൂർ പ്രസംഗിക്കയും ചെയ്തു. 10 മണിയോടുകൂടി കുർബാന കഴിഞ്ഞ് വിശ്രമിച്ചു. മത്തായി കത്തനാർ കുർബാനയിൽ സംബന്ധിച്ചു.

30 തിങ്കൾ. നാം സുഖമായി താമസിച്ചു. എം. വി. ജോർജ്ജ് കത്തനാരും അബ്രഹാം കത്തനാരും വന്നിരുന്നു. അബ്രഹാം കത്തനാർ നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു.

1957 ഒക്ടോബർ

1 ചൊവ്വ. ഇന്നു നമ്മുടെ അരമനയിൽ വച്ച് വർക്കിംഗ് കമ്മിറ്റി നമ്മുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. അത്താനാസിയോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും കമ്മിറ്റി അംഗങ്ങളിൽ ഭൂരിപക്ഷം ആളുകളും സംബന്ധിച്ചു. ഭദ്രാസന സെക്രട്ടറിമാരായ കോശി കത്തനാരും ഗീവർഗ്ഗീസ് കത്തനാരും ഗബ്രിയേൽ കത്തനാരും ടി മീറ്റിംഗിൽ സംബന്ധിച്ചു. 4 മണിയോടു കൂടി മീറ്റിംഗ് കഴിഞ്ഞു. ബഥനി ആശ്രമത്തിൽ[29] നിന്നും കുറിയാക്കോസ് കത്തനാർ[30] വന്നു നിലയ്ക്കപള്ളിയെ[31] സംബന്ധിച്ച കാര്യം അറിയിച്ചു (ഡെപ്യൂട്ടേഷനിൽ പോകുന്ന കാര്യം). അബ്രഹാം കത്തനാർ നമ്മോടുകൂടി താമസിച്ചു.

2 ബുധൻ. നമ്മുടെ മാനേജുമെന്റിലുള്ള ഹെഡ്മാസ്റ്റേഴ്സിന്റെ ഒരു യോഗം എം.ഡി. ഹൈസ്ക്കൂളിൽ[32] വച്ച് നമ്മുടെ അദ്ധ്യക്ഷതയിൽ കൂടി. ഈവാനിയോസ് മെത്രാച്ചനും പീലക്സിനോസു മെത്രാച്ചനും യോഗത്തിൽ സംബന്ധിച്ചു. 12 1/2 മണിയോടുകൂടി ദേവലോകത്തു വന്നു ചേർന്നു. ദീവന്നാസ്യോസ് മെത്രാച്ചൻ തൃശ്ശിനാപള്ളിയിൽ[33] നിന്നും വന്ന് നമ്മോടുകൂടി താമസിച്ചു. പീലക്സിനോസ് മെത്രാച്ചനും നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു.

3 വ്യാഴം. മാനേജിംഗ് കമ്മിറ്റി.[34] രാവിലെ കാപ്പിമേശയും കഴിഞ്ഞ് ദീവന്നാസ്യോസ് മെത്രാച്ചനുമൊന്നിച്ച് നാം പഴയസെമിനാരിയിൽ പോയി. നമ്മുടെ അദ്ധ്യക്ഷതയിൽ മാനേജിംഗ് കമ്മിറ്റി കൂടി. ഈവാനിയോസ്, ദീവന്നാസിയോസ്, പീലക്സിനോസ്, അത്താനാസിയോസ്, കൂറിലോസ്, ഒസ്താത്തിയോസ് എന്നീ മെത്രാച്ചന്മാർ സന്നിഹിതരായിരുന്നു. മാനേജിംഗ് കമ്മിറ്റി അംഗങ്ങളിൽ ഭൂരിപക്ഷം വന്നിരുന്നു. 5 1/2 മണിയോടു കൂടി കമ്മിറ്റി കഴിഞ്ഞ് ദീവന്നാസിയോസ് മെത്രാച്ചനുമൊന്നിച്ച് ദേവലോകത്തു വന്നുചേർന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് വിശ്രമിച്ചു. മെത്രാച്ചൻ നമ്മോടു കൂടി താമസിച്ചു. ശങ്കരത്തിൽ മാത്യൂസ് കോർഎപ്പിസ്ക്കോപ്പാ നമ്മോടു കൂടെ താമസിച്ചു.

4 വെള്ളി. രാവിലെ നാം കാപ്പിമേശയും കഴിഞ്ഞ് ദീവന്നാസിയോസ് മെത്രാച്ചനുമൊന്നിച്ചു പഴയസെമിനാരിയിൽ എത്തി. നമ്മുടെ അദ്ധ്യക്ഷതയിൽ എപ്പിസ്കോപ്പൽ സുന്നഹദോസ്[35] കൂടുകയുണ്ടായി. ദീവന്നാസ്യോസ്, ഈവാനിയോസ്, പീലക്സിനോസ്, അത്താനാസിയോസ്, കൂറിലോസ്, ഒസ്താത്തിയോസ് എന്നീ മെത്രാച്ചന്മാർ സന്നിഹിതരായിരുന്നു. 10 മണിയോടു കൂടി ആരംഭിച്ചു. 5 1/2 മണിയോടുകൂടി സുന്നഹദോസ് കഴിഞ്ഞ് ദീവന്നാസിയോസ് മെത്രാച്ചനുമൊന്നിച്ച് ദേവലോകത്തു വന്നുചേർന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു. മെത്രാച്ചനും ശങ്കരത്തിൽ മാത്യൂസ് കോർഎപ്പിസ്ക്കോപ്പായും നമ്മോടുകൂടി താമസിച്ചു. മാന്നാർ മാർത്തമറിയം പള്ളിവികാരി അലക്സാണ്ടർ കത്തനാർ വന്ന് പള്ളിക്ക് കല്ല് ഇടുന്ന കാര്യം നമ്മെ അറിയിച്ചു. സുഖമുള്ളപക്ഷം നടത്തിത്തരാം എന്ന് സമ്മതിച്ചു.

5 ശനി. 9 1/2 മണിയോടു കൂടി ദീവന്നാസിയോസ് മെത്രാച്ചൻ തൃശ്ശിനാപ്പള്ളിക്ക് പോയി. മല്പാൻ യോഹന്നാൻ കത്തനാർ വന്നു നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

6. ഞായർ. സ്ലീബായ്ക്കുശേഷം 4-ാം ഞായർ. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന ചൊല്ലി. നാം കുർബാനയിൽ സംബന്ധിച്ചു. കുർബാനമദ്ധ്യേ നാം 1/2 മണിക്കൂർ പ്രസംഗിച്ചു. 10 മണിയോടു കൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു.

7 തിങ്കൾ. ഗീവർഗ്ഗീസ് ബാക്കോസിന്റെ ഓർമ്മയായിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന ചൊല്ലി. നാം കുർബാനയിൽ സംബന്ധിച്ചു. പഴയസെമിനാരി മാനേജർ വന്നിരുന്നു. സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു.

(തുടരും)

മലങ്കരയുടെ മഹർഷിവര്യൻ

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ എന്ന ഔദ്യോഗിക നാമത്തേക്കാൾ അടുത്തറിയാവുന്ന എല്ലാവർക്കും സുപരിചിതമാണ് 'കല്ലാശ്ശേരി ബാവാ' എന്ന അഭിധേയം.

കാൽ നൂറ്റാണ്ടിനു മുമ്പ് തൊണ്ണൂറാം വയസിൽ കാലം ചെയ്ത ഈ ബാവായെ ഇന്ന് നാം അനുസ്മരിക്കുന്നത് ആ പരിശുദ്ധ ജീവിതത്തിൽ നിന്ന് അഭിനിവേശം ഉൾക്കൊള്ളാൻ വേണ്ടിയാണല്ലോ.

എന്റെ കുട്ടിക്കാലത്തു തന്നെ പരിശുദ്ധ ബാവായെ കണ്ടിട്ടുണ്ട്. അനുഗ്രഹം പ്രാപിച്ചിട്ടുണ്ട്. എന്റെ തൊട്ടയൽപക്കമായ മനയിട വീട്ടിലാണ് ബാവായുടെ സഹോദരിയെ വിവാഹം കഴിച്ചിട്ടുള്ളത്. സഹോദരിയുടെ ഭർത്തൃമാതാവിനെ രോഗക്കിടക്കയിൽ കാണുവാൻ വരുന്ന സമയത്ത് അഞ്ചോ ആറോ വയസ്സുള്ള ഞാനും പോയി കൈമുത്തും. നിറഞ്ഞ സന്തോഷത്തോടും മധുരിമയും സ്നേഹവും വീശുന്ന പുഞ്ചിരിയോടെയും ബാലനായ എന്നെയും അനുഗ്രഹിക്കും. ഇതെന്റെ ബാല്യസ്മരണകളിൽ മങ്ങാത്ത ഓർമ്മയായി നിലനിൽക്കുന്നു.

കളങ്കമില്ലാത്ത ആ മന്ദസ്മേരമുഖത്തിന്റെ പിന്നിലുണ്ടായിരുന്നത് അച്ഛസ്ഫടികമായ, വഞ്ചനയില്ലാത്ത, പ്രാർത്ഥനാനിർഭരമായ ഒരു അതിമാനുഷിക പ്രതിഭയായിരുന്നു എന്ന് എനിക്ക് പിന്നീടേ മനസ്സിലായുള്ളു. ആ ജീവിതത്തിന്റെ യാഥാർത്ഥ രഹസ്യം നിരന്തരമായ പ്രാർത്ഥനയും അഗാധമായ വേദാദ്ധ്യയനവുമായിരുന്നു. ഓർത്തഡോക്സുകാർ പൊതുവെ വേദപുസ്തകം വായിക്കുകയോ പഠിക്കുകയോ ചെയ്യില്ല എന്നൊരു തെറ്റിദ്ധാരണ ചില ഓർത്തഡോക്സ് വിശ്വാസികളിൽപ്പോലും കടന്നു കൂടിയിട്ടുണ്ട്. കല്ലാശ്ശേരി ബാവായെ സംബന്ധിച്ചിടത്തോളം കണ്ണു നന്നായി കാണാൻ പാടില്ലാത്ത കടന്ന വാർദ്ധക്യത്തിലും എല്ലാ ദിവസവും മുടക്കം കൂടാതെ ശെമ്മാശ്ശനെക്കൊണ്ടു വേദപുസ്തകത്തിലെ പല അദ്ധ്യായങ്ങൾ വായിപ്പിച്ച് കേട്ട് ധ്യാനിക്കുക പതിവായിരുന്നു. ഇതു ഞാൻ നേരിട്ടു കണ്ടിട്ടുണ്ട്.

പക്ഷേ ആ പിതാവിന്റെ വേദപാണ്ഡിത്യം എത്ര അഗാധമായിരുന്നുവെന്ന് ഞാൻ നേരിട്ടറിഞ്ഞത് 1954-ൽ മാത്രമായിരുന്നു. കോട്ടയം കുരിശുപള്ളിയിൽ പീസ് ലീഗിന്റെ സത്യഗ്രഹം നടക്കുന്ന കാലം. സഭയിൽ സമാധാനവും ഐക്യവും കൈവരുത്തുവാൻ വേണ്ടി പാത്രിയർക്കീസ് കക്ഷിയിലുള്ളവരും കാതോലിക്കാ കക്ഷിയിലുള്ളവരുമായ ആറു പേർ ചേർന്നു ഉപവസിക്കുന്നു. അവരിൽ എം. കുര്യനും കെ. ഇ. മാമ്മനും എന്റെ സുഹൃത്തുക്കളായിരുന്നു. ഞാനന്ന് 32 വയസ്സുള്ള ഒരത്മായക്കാരൻ, ആലുവാ ഫെലോഷിപ്പ് ഹൗസിൽ അത്മായക്കാരുടെയിടയിൽ അദ്ധ്യാത്മിക പ്രവർത്തനം നടത്തുകയായിരുന്നു. അമേരിക്കൻ പഠനം കഴിഞ്ഞു നാട്ടിൽ വന്നിട്ട് അധികം നാളായിട്ടില്ല. ബാവായെ പോയി കണ്ടിട്ടില്ല. മെത്രാന്മാരെ അങ്ങനെ പോയി കാണാതിരുന്നതിന്റെ കാരണം ഒന്നുരണ്ടു പേരെ കണ്ടതിനെ തുടർന്നുണ്ടായ നിരാശയായിരുന്നു. എങ്കിലും ത്യാഗശീലനായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി റമ്പാനായിരിക്കുന്ന കാലത്ത് അദ്ദേഹത്തിന്റെ കൂടെ പുതുക്രിസ്ത്യാനികൾക്ക് കൊടുക്കാനുള്ള വസ്ത്രത്തിന്റെ ഭാണ്ഡവും ചുമ്മി ചിലപ്പോഴൊക്കെ നടക്കുമായിരുന്നു.

ഏതായാലും പീസ് ലീഗിലെ ഉപവാസികളെ കാണാൻ വന്ന എനിക്ക് മുപ്പതുദിവസം അവരുടെ കൂടെ താമസിക്കാനും ഉപവാസത്തിൽ അല്പമൊക്കെ പങ്കെടുക്കുവാനും സാധിച്ചു. രാവിലെയും വൈകുന്നേരവും ഉപവാസികൾക്കു വേണ്ടി വേദപഠനം നടത്തും. കുറെ ദിവസത്തിനു ശേഷം ഉപവാസികളെ കാണാൻ വരുന്ന ഭക്തജനങ്ങൾക്കു വേണ്ടിയും വേദപഠനക്ലാസുകൾ നടത്താൻ തുടങ്ങി.

പീസ് ലീഗിനോടു കല്ലാശേരി ബാവായ്ക്കു വലിയ പ്രതിപത്തിയില്ലായിരുന്നു. കാര്യങ്ങൾ മനസ്സിലാക്കാതെ സഭാ സമാധാനം എന്നും പറഞ്ഞ് ഓടി നടക്കുന്നവരെപ്പറ്റി ബാവായ്ക്കു വിരോധമായിരുന്നു. അതിന്റെ കൂടെ അമേരിക്കയിൽ നിന്നും പഠിച്ചു വന്നിരിക്കുന്ന പോൾ വർഗീസ് എന്ന ഒരത്മായക്കാരൻ



വേദപുസ്തകം പഠിപ്പിക്കുന്നു എന്നു കേട്ടപ്പോൾ അയാളോടും, നേരിട്ടു കണ്ടതായ് ഓർമ്മയില്ലെങ്കിലും അല്പം നീരസമായി. അമേരിക്കൻ ബൈബിൾ പഠിപ്പിക്കുന്ന പോൾ വർഗീസിനെ പരാമർശിച്ച് അല്പം പുഛമായി ദേവലോകത്ത് പ്രസംഗിച്ച വിവരം കെ. ഫീലിപ്പോസച്ചൻ (ഇന്നത്തെ ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി) ആണ് എന്നോടു പറഞ്ഞത്. ഞാൻ ദേവലോകത്തു പോയി ബാവായെ കാണണമെന്നും തെറ്റിദ്ധാരണ നീക്കണമെന്നും എന്നെ ഉപദേശിച്ചു. അച്ചൻ തന്നെ തന്റെ കൊച്ചു ബേബി മോറിസ് കാറിൽ എന്നെ ബാവായുടെ അടുക്കൽ കൊണ്ടുപോയി പരിചയപ്പെടുത്തി.

ഫീലിപ്പോസച്ചനോട് അപ്പുറത്തുപോയി ഇരുന്നുകൊള്ളുവാൻ പറഞ്ഞിട്ട്, അത്മായക്കാരനായ എന്നോട് ശെമ്മാശ്ശനെക്കൊണ്ട് താഴെ ഒരു പായിട്ട് ഇരിക്കുവാൻ കല്പിച്ചു. രണ്ടു മണിക്കൂർ നീണ്ടുനിന്ന ആ സംഭാഷണം വലിയ ഒരു പരിശോധന തന്നെയായിരുന്നു. വേദപുസ്തക സംബന്ധമായ ഇരുന്നൂറോളം ചോദ്യങ്ങൾ എന്നോടു ചോദിച്ചു.

മിനിട്ടുകൾ കടന്നുചെല്ലുന്തോറും പാശ്ചാത്യ രീതിയിലുള്ള ദൈവശാസ്ത്രമോ വേദാപഗ്രഥനമോ അഭ്യസിച്ചിട്ടില്ലാത്ത ഈ ബാവാതിരുമേനിക്ക് ഇത്രവളരെ നിശതമായ വേദപാണ്ഡിത്യം എങ്ങനെയുണ്ടായി എന്നുള്ള എന്റെ അത്ഭുതവും വളർന്നുവരികയായിരുന്നു.

അവസാനം എന്നോടു ബാവാ തിരുമേനി കല്പിച്ചത് "തന്റെ മറുപടികളിൽ രണ്ടെണ്ണം മാത്രമേ തെറ്റായി നമുക്ക് തോന്നിയുള്ളു. ആ രണ്ടു വേദഭാഗങ്ങളെക്കുറിച്ച് ഇങ്ങനെയാണ് പഠിപ്പിക്കേണ്ടത്" എന്ന് എനിക്ക് ഉപദേശവും തന്നു. അതുകഴിഞ്ഞു ഫീലിപ്പോസച്ചനെ വിളിച്ച് "ഇയാൾ അമേരിക്കയിൽ പഠിച്ചതാണെങ്കിലും ഇയാളുടെ വിശ്വാസം ഓർത്തഡോക്സ് വിശ്വാസം തന്നെയാണെന്ന്" എനിക്കു സർട്ടിഫിക്കറ്റും തന്നു.

പക്ഷേ അതല്ല ഇവിടെ പ്രധാനം. ആ പിതാവിന്റെ അഗാധമായ വേദവിജ്ഞാനത്തിന്റെ മർമ്മം, ആ വിജ്ഞാനം എന്റേതു പോലെ പുസ്തകം വായിച്ചുണ്ടാക്കിയതല്ല, പ്രത്യുത പരിശുദ്ധാത്മനിവേശിതമായിരുന്നു എന്നതാണ്. അതിന്റെ യഥാർഥ നിദാനം പാശ്ചാത്യരീതിയിലുള്ള പാണ്ഡിത്യമല്ല, പ്രത്യുത

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പ്രാർത്ഥനാജീവിതത്തിലധിഷ്ഠിതമായ വേദധ്യാനമായിരുന്നു എന്നതാണ്.

അതുകൊണ്ടു പാണ്ഡിത്യത്തെക്കുറിച്ച് ആ പിതാവിന് അവമതിപ്പുണ്ടായിരുന്നില്ല.

ഞാൻ അത്മായക്കാരനായിരുന്നപ്പോഴും പിന്നീട് കശ്ശീശായായതിനു ശേഷവും എന്നെ വിളിച്ചിരുത്തി ദീർഘമായ ചർച്ചകളിലേർപ്പെടുന്നത് ബാവായ്ക്കു വലിയ സന്തോഷമായിരുന്നു. ബാവായോടു സംസാരിക്കുന്നത് എനിക്കും വലിയ പ്രചോദനമായിരുന്നു. സഭയിൽ ഒരു വൈദികനായിത്തീരുവാനുള്ള അഭിനിവേശം മുഴുവനും എനിക്കു ബാവായിൽ നിന്നാണ് ലഭിച്ചിട്ടുളളത്. എനിക്കു നമ്മുടെ തിരുമേനിമാരിൽ ഏറ്റവും കൂടുതൽ ബഹുമാനവും സ്നേഹവും ഉള്ളതും പരിശുദ്ധ ബാവായോടും പാമ്പാടിത്തിരുമേനി (കുറിയാക്കോസ് മാർ ഗ്രീഗോറിയോസ്) യോടും ആയിരുന്നു.

ബാവാ തിരുമേനി കുർബാനയർപ്പിക്കുമ്പോൾ താൻ യഥാർഥ ദൈവസന്നിധിയിൽ ആണെന്നു തനിക്കുള്ള ബോധം, തിരുമേനിയുടെ കുർബാനയിൽ സംബന്ധിക്കുന്നവരേയും വളരെയധികം ദൈവത്തോടടുപ്പിക്കുമായിരുന്നു. ദൈവസാന്നിദ്ധ്യബോധമില്ലാത്ത ആളുകൾ ബാവായോടു കൂടി മദ്ബഹായിൽ നിൽക്കുന്നത് തിരുമേനിക്കു വളരെയധികം ഈർഷ്യ ഉണ്ടാക്കുമായിരുന്നു. സ്വർഗത്തിൽ മാലാഖമാരോടൊരുമിച്ച് ദൈവത്തെ ആരാധിക്കുകയാണെന്ന തന്റെ ബോധം തനിക്കു വെറും ഒരു ഭാവനയായിരുന്നില്ല, പ്രത്യുത യഥാർത്ഥ അനുഭവമായിരുന്നു. തന്റെ പ്രാർത്ഥനാ ജീവിതമാണ് ഈ അനുഭവത്തിന്റെയും പിറകിൽ മറഞ്ഞിരിക്കുന്ന രഹസ്യം.

ഒരു സദസിൽ സംസാരിക്കുമ്പോഴും പ്രശസ്താതിഥികളെ സ്വീകരിക്കുമ്പോഴും ഔചിത്യബോധത്തോടും അദ്ധ്യാത്മികാവഗാഢതയോടും സംസാരിക്കാൻ തിരുമേനിക്കുണ്ടായിരുന്ന കഴിവ് പ്രത്യേകം തന്നെയാണ്. ജവഹർലാൽ നെഹ്റുവുമായുള്ള ബാവാതിരുമേനിയുടെ കൂടിക്കാഴ്ചയെപ്പറ്റി ഞാൻ പറഞ്ഞു കേട്ടിട്ടേയുള്ളൂ. എന്നാൽ എത്യോപ്യൻ ചക്രവർത്തി ഹെയ്ലി സലാസിയുമായി 1956 -ൽ ദേവലോകത്ത് നടന്ന കൂടിക്കാഴ്ചയിൽ ഞാൻ ദ്വിഭാഷിയായി (മലയാളം - അമ്ഹാരിക്ക്) വർത്തിച്ചതുകൊണ്ടു നേരിട്ടറിയാവുന്ന കാര്യമാണ്. സംഭാഷണ സമർത്ഥനായ ഹെയ്ലി സലാസിയെ ബാവായുമായുള്ള ആ ഉദാത്ത സംഭാഷണം വളരെയധികം പ്രസാദിപ്പിച്ചു. വൃദ്ധനായ ശീമോൻ യേശുവിനെ ക്കാണുവാൻ യരുശലേം ദേവാലയത്തിൽ അനേകവർഷം കാത്തിരുന്നതു പോലെ ക്രിസ്തീയ ചക്രവർത്തിയെ കാണുവാൻ താൻ അനേകകാലങ്ങളായി കാത്തിരിക്കുകയായിരുന്നു എന്നു പറഞ്ഞുകൊണ്ടാണു ബാവാ സംഭാഷണം ആരംഭിച്ചത്. "അവിടുത്തെപ്പോലെ പരമപരിശുദ്ധനായ വലിയ ഒരു പുണ്യപുരുഷന്റെ ദർശനത്തേക്കാൾ വലിയതായി ഒരു ചക്രവർത്തിയ്ക്കെന്താണു ലഭിക്കാവുന്നത്" എന്ന് ഉദാത്തമായി ചക്രവർത്തിയും മറുപടി പറഞ്ഞു.

ബാവാ തിരുമേനിയെ വന്നു കണ്ടു പോയിട്ടുള്ള പാശ്ചാത്യരിലും അതിസുന്ദരമായ ഒരു സ്മരണയാണ് ബാവാ തിരുമേനിയെപ്പറ്റി അവശേഷിച്ചിട്ടുള്ളത്. ജാതിമതഭേദമെന്യേ എല്ലാവരോടും ബാവാ തിരുമേനിക്ക് വലിയ സ്നേഹമായിരുന്നു. തന്റെ അനുഗ്രഹങ്ങളും പ്രാർത്ഥാ ദാനങ്ങളും അക്രൈസ്തവർക്കും വാൽസല്യ പൂർവം ചൊരിഞ്ഞുകൊടുക്കുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു. എത്ര മഹാദ്ഭുതങ്ങളാണ് ആ പ്രാർത്ഥനാ ജീവിതത്തിൽ നിന്നു ബാവാ കാലം ചെയ്യുന്നതിനു മുൻപുണ്ടായിട്ടുള്ളത് എന്നു സാക്ഷ്യം വഹിക്കുവാൻ അനേകം അക്രൈസ്തവർക്കു സാധിക്കും. രോഗികൾക്കു രോഗസൗഖ്യവും വന്ധ്യകൾക്കു ഗർഭോല്പാദനവും ബാവായുടെ പ്രാർത്ഥന മൂലം അത്ഭുതാവഹമായി ലഭിച്ചിട്ടുള്ള പല സംഭവങ്ങളും എനിക്കു നേരിട്ടറിയാം.



സഭാ നേതൃത്വത്തിൽ അദ്ദേഹം വഹിച്ചിട്ടുള്ള പങ്ക് ചരിത്രപ്രധാനം തന്നെയാണ്. കോടതിയിൽ കേസ് തോറ്റ് സഭ നിരാശയിലേക്കു വഴുതിവീഴാൻ തുടങ്ങുമ്പോൾ "സത്യം ജയിക്കും" എന്ന് പ്രാർത്ഥനയോടെ ഉദ്ഘോഷിച്ചുകൊണ്ടു, പ്രത്യാശയിലേക്കും പുരോഗതിയിലേക്കും സഭയെ തിരികെ കൊണ്ടുവരുവാൻ ബാവാ തിരുമേനി കാട്ടിയ കഴിവ് അസാമാന്യം തന്നെയായിരുന്നു. നിഷ്ഠയുള്ള പ്രാർത്ഥനാ ജീവിതവും കളങ്കമില്ലാത്ത മനഃസാക്ഷിയും തന്നെയാണ് ആ ധീരനേതൃത്വത്തിന്റെയും പിറകിലുണ്ടായിരുന്ന രഹസ്യം.

ഇവിടെയുള്ള ഇരുകക്ഷികളുടെയും പൂർണസമ്മതമുള്ള സമാധാനവ്യവസ്ഥകളുമായി 1934 -ൽ ഹോംസിൽ ചെന്ന് പാത്രിയർക്കീസിനെ കണ്ടു സമ്മതിപ്പിക്കാൻ ശ്രമിച്ചിട്ട് അപ്രേം പാത്രിയർക്കീസിന്റെ അധികാരമോഹം കൊണ്ട് അശേഷവും സാധിക്കാതെ വന്നയവസരത്തിൽ ഒട്ടും വിട്ടുകൊടുക്കാതെ തിരിച്ചുവന്ന നമ്മുടെ ഗീവർഗീസ് ദ്വിതീയൻ ബാവായ്ക്കു കൊട്ടാരക്കര റയിൽവേ സ്റ്റേഷൻ മുതൽ കോട്ടയം വരെ നൽകിയ ഗംഭീര സ്വീകരണം ആ പിതാവിനോടു നമ്മുടെ ജനങ്ങൾക്കുള്ള ഭക്ത്യാദരവുകൾ വെളിപ്പെടുത്തി.

അതിനേക്കാളേറെ പ്രാധാന്യമുള്ളതായി എന്റെ മനസ്സിൽ തോന്നുന്നത് ഇങ്ങനെയുള്ള അനേക പരാജയങ്ങളിലും ദുരിതാനുഭവങ്ങളിലും കൂടെ ശുദ്ധീകരിച്ചെടുത്ത ആ പ്രാർത്ഥനാ ജീവിതവും വ്യക്തിവൈഭവവും തന്നെ.

അതുപോലുള്ള ആളുകൾ ഇന്നും ഉണ്ടായിരുന്നെങ്കിൽ!

(മലയാള മനോരമ, ജനുവരി 7, 1989)



പ. ഗീവർഗീസ് രണ്ടാമൻ ബാവായും എബ്രഹാം മാർ ക്ലീമ്മിസുമായുള്ള കൂടിക്കാഴ്ച

12-6-1951. കോട്ടയം. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. ... മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ നമ്മെ കാണുന്നതിന് ആഗ്രഹിക്കുന്നെന്നും അതിന് എപ്പോഴാണ് സൗകര്യമെന്നും മറ്റും അറിയിക്കണമെന്നും വി. ഒ. അബ്രഹാം ഇവിടെ അറിയിച്ചതനുസരിച്ച് നാളെ ഉച്ചകഴിഞ്ഞ് വന്നാൽ സൗകര്യമാണെന്ന് മറുപടി കൊടുത്തു.

13-6-1951. കോട്ടയം. രാവിലെ കെ. ഫീലിപ്പോസ് കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. ഇന്നലെ അറിയിച്ചതനുസരിച്ച് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ മൂന്നര മണിക്ക് ഇവിടെ എത്തി. മാനേജരച്ചൻ താഴെ ചെന്നു സ്വീകരിച്ച് മുകളിൽ കമ്മിറ്റി മാളികയിൽ കൊണ്ടുവന്നു. നാം മുകളിൽ ഉണ്ടായിരുന്നു. അദ്ദേഹം വന്നു കൈമുത്തി .... (സുറിയാനി വാക്ക്) എന്നു പറഞ്ഞു. അനന്തരം കുറെ സമയം സംഭാഷണം നടത്തി. പി. ഒ. ഏബ്രഹാമും, സെക്രട്ടറി അച്ചനും അദ്ദേഹത്തോടു കൂടി ഉണ്ടായിരുന്നു. കാപ്പി കഴിഞ്ഞ് നാം മുകളിൽ ഉള്ള പടങ്ങളെല്ലാം കാണിച്ചു കൊടുത്തു. പ്രത്യേകമായി അബ്ദേദ് മശിഹാ ബാവായുടെ ഫോട്ടോയും അദ്ദേഹത്തിന്റെ കബറടക്ക സമയം എടുത്ത ഫോട്ടോയും അതിനു പുറകിൽ മാർ യൂലിയോസ് നിൽക്കുന്നതും കാണിച്ചു. ഇവയ്ക്കു ശേഷം പള്ളിയിൽ കയറണമെന്ന് അദ്ദേഹം ആവശ്യപ്പെടുകയും അതിനു വിരോധമൊന്നുമില്ലെന്ന് പറയുകയും അദ്ദേഹം മദ്ബഹായിലും കബറുങ്കലും പോയി മൗനപ്രാർത്ഥന നടത്തുകയും ചെയ്തശേഷം തിരിച്ചു മടങ്ങി. സൗകര്യംപോലെ ഇനിയും വന്ന് നമ്മെ കാണാമെന്നു പറഞ്ഞു.

(പ. ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പിൽ നിന്നും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

യോഥാമിന്റെ അമ്മ യെരൂശ



സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)



ബൈബിളിലെ സ്ത്രീകഥാപാത്രങ്ങളെ പഠിക്കുമ്പോൾ, ചിലരുടെ ജീവിതം വളരെ വിശദമായി രേഖപ്പെടുത്തിയിരിക്കുന്നതായി നാം കാണുന്നു. ദെബോറ, രൂത്ത്, എസ്തേർ തുടങ്ങിയവരെപ്പോലെ ചിലർ അവരുടെ പ്രവർത്തികളാലും തീരുമാനങ്ങളാലും പ്രശസ്തരാണ്. അതേസമയം, ചില സ്ത്രീകളുടെ പേര് ബൈബിളിൽ ഒരോ വാക്യങ്ങളിൽ മാത്രമായി പരാമർശിക്കപ്പെടുന്നു. എങ്കിലും അവരുടെ ജീവിതം ദൈവചരിത്രത്തിൽ ചെറുതല്ല. അത്തരത്തിലുള്ള ഒരു സ്ത്രീയാണ് യെഹൂദാ രാജാവായ യോഥാമിന്റെ അമ്മയായ യെരൂശ. അവളുടെ പേര് ബൈബിളിൽ ഒരിക്കൽ മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളൂ എങ്കിലും, അവളുടെ വിശ്വാസവും മാതൃത്വവും ഒരു നീതിമാനായ രാജാവിന്റെ ജീവിതത്തിലൂടെ വെളിപ്പെടുന്നു. 2 ദിനവൃത്താന്തം 27:1–ലെ യെരൂശയെക്കുറിച്ചുള്ള ചെറിയ പരാമർശം തന്നെ, നിശ്ശബ്ദമായ വിശ്വാസം എത്രമാത്രം ശക്തമാണെന്ന് നമ്മെ പഠിപ്പിക്കുന്നു.

1. യെരൂശയുടെ ചരിത്രപരവും കുടുംബപരവുമായ പശ്ചാത്തലം

ബൈബിൾ യെരൂശയെ പരിചയപ്പെടുത്തുന്നത് അവളുടെ സാമൂഹിക പദവിയിലൂടെയോ വ്യക്തിഗത കഴിവുകളിലൂടെയോ അല്ല, മറിച്ച് അവളുടെ കുടുംബപരവും ആത്മീയവുമായ പശ്ചാത്തലത്തിലൂടെയാണ് എന്നത് ഏറെ ശ്രദ്ധേയമാണ്. "അവന്റെ അമ്മയ്ക്ക് യെരൂശ എന്നു പേരായിരുന്നു. അവൾ സാദോക്കിന്റെ മകളായിരുന്നു" എന്ന ലളിതമായ വാക്യം (2 ദിനവൃത്താന്തം 27:1), യെരൂശയുടെ വ്യക്തിത്വത്തിന്റെ അടിത്തറ എവിടെയാണെന്ന് വ്യക്തമാക്കുന്നു. ബൈബിളിൽ ഒരാളുടെ പിതാവിന്റെ പേര് പ്രത്യേകം പരാമർശിക്കപ്പെടുമ്പോൾ, അത് സാധാരണയായി ആ കുടുംബത്തിന്റെ ആത്മീയ പാരമ്പര്യത്തെയും വിശ്വാസ നിലപാടിനെയും സൂചിപ്പിക്കുന്നതാണ്. ഈ സന്ദർഭത്തിൽ, സാദോക്കിന്റെ മകളായി യെരൂശയെ അവതരിപ്പിക്കുന്നത്, അവൾ ദൈവഭക്തിയുള്ള ഒരു ആത്മീയ വംശത്തിൽ നിന്നാണ് ഉദ്ഭവിച്ചതെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു.

ബൈബിളിലെ സാദോക്ക് ദാവീദിന്റെയും ശലോമോന്റെയും കാലഘട്ടങ്ങളിൽ വിശ്വസ്തതയോടെ ദൈവത്തെ സേവിച്ച ഒരു പുരോഹിതനായിരുന്നു (2 ശമൂവേൽ 8:17; 1 രാജാക്കന്മാർ 1:39). അധികാരത്തിന്റെയും രാഷ്ട്രീയ സമ്മർദ്ദങ്ങളുടെയും നടുവിൽ പോലും ദൈവത്തിന്റെ പക്ഷത്ത് ഉറച്ചുനിന്ന അപൂർവ വ്യക്തികളിൽ ഒരാളായിരുന്നു അവൻ. അബ്ശാലോമിന്റെ കലാപകാലത്തും പിന്നീട് അദോനീയാവിന്റെ രാജകീയ ആഗ്രഹങ്ങൾ ഉയർന്നുവന്ന സമയത്തും, സാദോക്ക് ദൈവത്തിന്റെ അഭിഷിക്തനായ ശലോമോനോടൊപ്പം നിലകൊണ്ടു (1 രാജാക്കന്മാർ 1:3239). ഈ സംഭവങ്ങൾ സാദോക്കിന്റെ വിശ്വാസം സാഹചര്യങ്ങളെ ആശ്രയിച്ചല്ല, മറിച്ച് ദൈവത്തിന്റെ ഇച്ഛയെ ആശ്രയിച്ചായിരുന്നു എന്നതിന്റെ ശക്തമായ തെളിവുകളാണ്.

അത്തരം ഒരു ആത്മീയ പാരമ്പര്യത്തിൽ വളർന്ന യെരൂശ, ബാല്യകാലം മുതൽ തന്നെ ദൈവാരാധനയും ശാസ്ത്രീയമായ അറിവും വിശ്വാസവും നിറഞ്ഞ അന്തരീക്ഷത്തിലൂടെയാണ് രൂപപ്പെട്ടതെന്ന് നമുക്ക് ന്യായമായി അനുമാനിക്കാം. പുരോഹിത കുടുംബങ്ങളിൽ വളർന്ന കുട്ടികൾക്ക് ദൈവാലയ ജീവിതത്തോടും നിയമങ്ങളോടും യാഗക്രമങ്ങളോടും അടുത്ത പരിചയം ഉണ്ടായിരുന്നു. അതിനാൽ, യെരൂശയുടെ വിശ്വാസം പെട്ടെന്നുണ്ടായ ഒന്നല്ല; അത് തലമുറകളിലൂടെ പകർന്നുവന്ന ഒരു ആത്മീയ പൈതൃകത്തിന്റെ ഫലമായിരുന്നു. ബൈബിൾ പറയുന്നതുപോലെ, "യഹോവയെ ഭയപ്പെടുന്നവന്റെ സന്തതി ഭൂമിയിൽ ബലപ്പെട്ടിരിക്കും. നേരുള്ളവരുടെ തലമുറ അനുഗ്രഹിക്കപ്പെടും." (സങ്കീർത്തനം 112:12), എന്ന സത്യം ഇവിടെ വ്യക്തമായി പ്രകടമാകുന്നു.

ഈ കുടുംബ പശ്ചാത്തലത്തിന്റെ പ്രാധാന്യം യെരൂശയുടെ മാതൃത്വത്തിൽ വ്യക്തമായി പ്രതിഫലിക്കുന്നതായി നാം കാണുന്നു. ദൈവഭക്തിയുള്ള കുടുംബാന്തരീക്ഷത്തിൽ വളർന്ന ഒരുവൾ, തന്റെ മകനെയും അതേ വഴിയിൽ നയിക്കാനുള്ള ഉത്തരവാദിത്വം ഗൗരവത്തോടെ ഏറ്റെടുത്തു എന്നതാണ് യോഥാമിന്റെ ജീവിതം സാക്ഷ്യപ്പെടുത്തുന്നത്. "ബാലൻ നടക്കേണ്ട വഴിയിൽ അവനെ അഭ്യസിപ്പിക്ക; വാർദ്ധക്യത്തിലും അവൻ അതിൽ നിന്ന് വിട്ടുമാറുകയില്ല" (സദൃശ്യവാക്യങ്ങൾ 22:6) എന്ന വചനത്തിന്റെ പ്രായോഗിക ഉദാഹരണമായി യെരൂശയുടെ ജീവിതം നിലകൊള്ളുന്നു. ബാല്യകാല ശിക്ഷണവും മാതൃകാപരമായ ജീവിതവും മകന്റെ ആത്മീയ സ്വഭാവത്തെ എത്രമാത്രം ആഴത്തിൽ സ്വാധീനിക്കുന്നു എന്നതിന്റെ തെളിവാണ് അവളുടെ ജീവിതം.

ഇവിടെ യെരൂശയുടെ കുടുംബ പശ്ചാത്തലം വെറും ചരിത്ര വിവരമല്ല; അത് ദൈവരാജ്യത്തിലെ ഒരു ആത്മീയ സിദ്ധാന്തത്തെ വെളിപ്പെടുത്തുന്നു. വിശ്വാസം തലമുറകളിലൂടെ പകരപ്പെടുമ്പോൾ, അതിന്റെ ഫലം വ്യക്തികളുടെ ജീവിതത്തേക്കാൾ അപ്പുറത്ത് രാജ്യങ്ങളുടെയും സമൂഹങ്ങളുടെയും ഭാവിയെ സ്വാധീനിക്കുന്നു. യെരൂശയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്, ദൈവം പലപ്പോഴും ചരിത്രം മാറ്റുന്നത് നിശ്ശബ്ദമായി വിശ്വസ്തത പാലിക്കുന്ന കുടുംബങ്ങളിലൂടെയാണ് എന്ന സത്യമാണ്.

2. ഭാര്യയായ യെരൂശയും രാജകീയ ജീവിതത്തിലെ വെല്ലുവിളികളും

യെരൂശ യെഹൂദാ രാജാവായ ഉസ്സീയാവിന്റെ കുടുംബത്തിലേക്കാണ് വിവാഹം കഴിച്ച് വന്നത് എന്ന വസ്തുത, അവളുടെ ജീവിതം സാധാരണ സാഹചര്യങ്ങളിലായിരുന്നില്ലെന്ന് വ്യക്തമാക്കുന്നു. ഉസ്സീയാവ് യെഹൂദയിലെ ശക്തരായ രാജാക്കന്മാരിൽ ഒരാളായി ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. അവന്റെ ഭരണകാലത്ത് രാജ്യം സൈനികമായും സാമ്പത്തികമായും ശക്തി പ്രാപിച്ചു; നഗരങ്ങൾ പുനർനിർമ്മിക്കപ്പെട്ടു, കൃഷിയും വ്യാപാരവും വളർന്നു (2 ദിനവൃത്താന്തം 26:615). എന്നാൽ, ഈ സമൃദ്ധിയും വിജയവും അവനെ ദൈവത്തിൽ നിന്ന് അകറ്റിയ അഹങ്കാരത്തിന്റെ വിത്തുകളായി മാറി. ബൈബിൾ വ്യക്തമാക്കുന്നത്, "എന്നാൽ അവൻ ബലവാനായപ്പോൾ അവന്റെ ഹൃദയം അവന്റെ നാശത്തിനായി നിഗളിച്ചു. അവൻ തന്റെ ദൈവമായ യഹോവയോട്

പാപം ചെയ്തു” എന്നതാണ് (2 ദിനവൃത്താന്തം 26:16). ഇതിന്റെ ഫലമായി അവൻ ദൈവനിയമം ലംഘിച്ച് പുരോഹിതരുടെ പ്രവർത്തിയിൽ ഇടപെട്ടു, ഒടുവിൽ കുഷ്ഠരോഗം ബാധിച്ച് സമൂഹത്തിൽ നിന്ന് വേർതിരിക്കപ്പെട്ടു (2 ദിനവൃത്താന്തം 26:1721).

ഇത്തരം ആത്മീയ വീഴ്ചകളുള്ള ഒരു രാജകീയ കുടുംബത്തിൽ ഭാര്യയായി ജീവിക്കുക എന്നത് യെരൂശയ്ക്കു വലിയ ആത്മീയ വെല്ലുവിളിയായിരുന്നു. രാജാവിന്റെ അധികാരവും പ്രശസ്തിയും സുഖസൗകര്യങ്ങളും നിറഞ്ഞ ഒരു അന്തരീക്ഷത്തിൽ, ദൈവഭക്തി നിലനിർത്തുക എളുപ്പമല്ല. ഭർത്താവിന്റെ അഹങ്കാരവും ദൈവനിയമലംഘനവും അവളുടെ വിശ്വാസത്തെ തളർത്താൻ ഇടയാക്കാമായിരുന്നു. എങ്കിലും, യെരൂശയുടെ ജീവിതത്തെക്കുറിച്ച് ബൈബിൾ യാതൊരു വിമർശനവും ഉന്നയിക്കുന്നില്ല എന്നതുതന്നെ, അവൾ ദൈവത്തിൽ നിന്ന് മാറിപ്പോയില്ലെന്ന ശക്തമായ സൂചനയാണ്. മറിച്ച്, അവളുടെ വിശ്വാസത്തിന്റെ ഫലം അവളുടെ മകനായ യോഥാമിന്റെ ജീവിതത്തിലൂടെ വെളിപ്പെടുന്നു.

ഉസ്സീയാവ് രോഗബാധിതനായി ഒറ്റപ്പെട്ട ജീവിതം നയിച്ച സമയത്ത്, രാജകീയ ഉത്തരവാദിത്വങ്ങൾ പലവിധം കുടുംബത്തിന്മേൽ ചുമത്തപ്പെട്ടിരിക്കണം. അത്തരം സാഹചര്യങ്ങളിൽ, അമ്മയും ഭാര്യയും എന്ന നിലയിൽ യെരൂശ കുടുംബത്തിന്റെ ആത്മീയ തൂണായി പ്രവർത്തിച്ചിരിക്കാമെന്ന് ന്യായമായി കരുതാം. യോഥാം തന്റെ പിതാവിന്റെ പാപങ്ങളിൽ പങ്കാളിയായില്ലെന്നും, “അവൻ യഹോവയുടെ മുമ്പാകെ നേരായതു ചെയ്തു” എന്നും ബൈബിൾ സാക്ഷ്യപ്പെടുത്തുന്നത് (2 ദിനവൃത്താന്തം 27:2), അമ്മയുടെ സ്ഥിരമായ ആത്മീയ ശിക്ഷണത്തിന്റെ ഫലമാണ്.

ഈ ഭാഗം സ്ത്രീകളുടെ ആത്മീയ ഉത്തരവാദിത്വത്തെക്കുറിച്ച് നമ്മെ ഗൗരവമായി ചിന്തിപ്പിക്കുന്നു. ബൈബിളിൽ, ഭർത്താവിന്റെ ആത്മീയ വീഴ്ചകളെ മറികടന്ന് കുടുംബത്തിൽ ദൈവഭക്തി നിലനിർത്തിയ സ്ത്രീകളുടെ ഉദാഹരണങ്ങൾ അനവധി കാണാം. ഹന്നയുടെ പ്രാർത്ഥനാത്മകമായ ജീവിതം (1 ശമൂവേൽ 1), അബീഗയിലിന്റെ ജ്ഞാനവും ദൈവഭക്തിയും (1 ശമൂവേൽ 25), എസ്തേറിന്റെ ധൈര്യവും വിശ്വാസവും (എസ്തേർ 4:14) എന്നിവയെല്ലാം ഇതിന്റെ ഉദാഹരണങ്ങളാണ്. ഇവരുടെയെല്ലാം ജീവിതത്തിൽ, കുടുംബത്തിലെ സ്ത്രീകൾ ദൈവത്തിന്റെ ഇടപെടലിന് വഴിയൊരുക്കിയതായി നാം കാണുന്നു.

“യഹോവയെ ഭയപ്പെട്ട് അവന്റെ വഴികളിൽ നടക്കുന്ന ഏവന്നും ഭാഗ്യവാൻ; നിന്റെ ഭാര്യ നിന്റെ വീട്ടിന്നകത്ത് ഫലപ്രദമായ മുന്തിരിവള്ളി പോലെയും, നിന്റെ മക്കൾ നിന്റെ മേശയ്ക്കു ചുറ്റും ഒലിവു തൈകൾ പോലെയും ആയിരിക്കും” എന്ന സങ്കീർത്തനം 128:13 ലെ വാക്കുകൾ, യെരൂശയുടെ കുടുംബജീവിതത്തിൽ സാക്ഷാൽക്കരിക്കപ്പെട്ടതായി നമുക്ക് കാണാം. ഭർത്താവിന്റെ വീഴ്ചകൾക്കിടയിലും, അവളുടെ വിശ്വാസവും പ്രാർത്ഥനയും മകന്റെ ജീവിതത്തെ അനുഗ്രഹത്തിന്റെ പാതയിലേക്കാണ് നയിച്ചത്. അതുവഴി, രാജകീയ ജീവിതത്തിലെ വെല്ലുവിളികളിലും ദൈവഭക്തി കാത്തുസൂക്ഷിച്ച ഒരു ഭാര്യയുടെ നിശ്ശബ്ദ സാക്ഷ്യമായി യെരൂശയുടെ ജീവിതം ഇന്നും നിലകൊള്ളുന്നു.

3. അമ്മയായ യെരൂശയുടെ ആത്മീയ സ്വാധീനം

യെരൂശയുടെ ജീവിതത്തിലെ മഹത്വം ഏറ്റവും വ്യക്തമായി പ്രതിഫലിക്കുന്നത് അവളുടെ മാതൃത്വത്തിലൂടെയാണെന്ന് സംശയമില്ല. അവൾ സ്വയം ചരിത്രപുസ്തകങ്ങളിൽ ദീർഘമായി രേഖപ്പെടുത്തിയ വ്യക്തിയല്ലെങ്കിലും, അവളുടെ ആത്മീയ സ്വാധീനം അവളുടെ മകനായ യോഥാമിന്റെ ജീവിതത്തിലൂടെ വ്യക്തമായി വെളിപ്പെടുന്നു. ബൈബിൾ യോഥാമിനെക്കുറിച്ച് നൽകുന്ന സാക്ഷ്യം വളരെ പ്രസക്തമാണ്: “അവൻ തന്റെ പിതാവായ ഉസ്സിയാവ് ചെയ്തതുപോലെ യഹോവയുടെ മുമ്പാകെ ശരിയായതു ചെയ്തു” (2 ദിനവൃത്താന്തം 27:2). ബൈബിളിലെ രാജാക്കന്മാരുടെ ചരിത്രത്തിൽ, ഈ വാക്കുകൾ ഒരു ഭരണാധികാരിയേക്കുറിച്ച് ലഭിക്കുന്ന ഏറ്റവും ഉന്നതമായ ആത്മീയ അംഗീകാരമാണ്. ഈ സാക്ഷ്യം യോഥാം വെറും നിയമപരമായ അനുസരണക്കാരനല്ല, മറിച്ച് ദൈവത്തോടുള്ള വ്യക്തിപരമായ ബന്ധത്തിൽ ഉറച്ചുനിന്ന ഒരാളായിരുന്നുവെന്ന് വ്യക്തമാക്കുന്നു.

ഈ ആത്മീയ ഉറച്ചുനിൽപ്പ് യോഥാമിന്റെ ഭരണപ്രവർത്തികളിലും വ്യക്തമായി പ്രതിഫലിക്കുന്നു. അവൻ യഹോവയുടെ ആലയത്തിന്റെ മുകളിലത്തെ പടിവാതിൽ പണിതു, ഓഫേലിന്റെ മതിലും അവൻ പണിതുറപ്പിച്ചു. ഇതോടൊപ്പം, അവൻ രാജ്യത്തെ നീതിയോടും ഉത്തരവാദിത്തത്തോടും കൂടി ഭരിച്ചു. ബൈബിൾ വ്യക്തമാക്കുന്നത്, “ഇങ്ങനെ യോഥാം തന്റെ ദൈവമായ യഹോവയുടെ മുമ്പാകെ ക്രമമായി നടന്നതുകൊണ്ട് അവൻ ബലവാനായിത്തീർന്നു” എന്നതാണ് (2 ദിനവൃത്താന്തം 27:6). ഈ വാക്കുകൾ യോഥാം ആത്മീയ ശുദ്ധിയെയും ജീവിതശുദ്ധിയെയും ഒരുപോലെ ഗൗരവത്തോടെ കൈകാര്യം ചെയ്തിരുന്നുവെന്ന് സൂചിപ്പിക്കുന്നു. ഇത്തരത്തിലുള്ള ആത്മീയ നിലപാട് ഒരു രാജാവിന്റെ ജീവിതത്തിൽ രൂപപ്പെടുന്നത്, സാധാരണയായി ബാല്യകാല ശിക്ഷണത്തിന്റെ ഫലമായിരിക്കും.

ഒരു മനുഷ്യന്റെ ആത്മീയ ജീവിതത്തിന്റെ അടിത്തറ സാധാരണയായി ബാല്യകാലത്താണ് നിക്ഷേപിക്കപ്പെടുന്നത് എന്ന സത്യം ബൈബിൾ പല സ്ഥലങ്ങളിലും ഊന്നിപ്പറയുന്നു. “ബാലൻ നടക്കേണ്ട വഴിയിൽ അവനെ അഭ്യസിപ്പിക്കുക; വാർദ്ധക്യത്തിലും അവൻ അതിൽ നിന്ന് വിട്ടുമാറുകയില്ല” (സദൃശ്യവാക്യങ്ങൾ 22:6) എന്ന വചനം ഈ സന്ദർഭത്തിൽ ഏറെ പ്രസക്തമാണ്. യോഥാമിന്റെ ജീവിതം ഈ വചനത്തിന്റെ ജീവിച്ചിരിക്കുന്ന ഉദാഹരണമായി നമുക്ക് കാണാം. യെരൂശ തന്റെ മകനെ രാജകീയ വിദ്യാഭ്യാസത്തോടൊപ്പം ദൈവഭക്തിയിലും പരിശീലിപ്പിച്ചിരിക്കണം. അധികാരവും ശക്തിയും പാപത്തിന്റെയും അഹങ്കാരത്തിന്റെയും വശീകരണങ്ങളാകുമ്പോൾ, ദൈവഭക്തിയുള്ള ശിക്ഷണം മാത്രമാണ് അതിനെ നേരിടാൻ കഴിയുന്ന ശക്തമായ പ്രതിരോധം.

ഇവിടെ യെരൂശയുടെ മാതൃത്വത്തിന്റെ മറ്റൊരു പ്രധാന സവിശേഷത അവളുടെ നിശ്ശബ്ദ ശിക്ഷണമാണ്. ബൈബിൾ യെരൂശയുടെ ഉപദേശങ്ങളെയോ പ്രാർത്ഥനകളെയോ നേരിട്ട് രേഖപ്പെടുത്തിയിട്ടില്ല. എങ്കിലും, അവളുടെ ജീവിതം തന്നെ മകനു മുന്നിൽ ഒരു മാതൃകയായി നിന്നതായി നമുക്ക് മനസ്സിലാക്കാം. യെരൂശയുടെ ദൈവഭക്തിയുള്ള ജീവിതം യോഥാമിന്റെ ആത്മീയ രൂപീകരണത്തിൽ ശക്തമായ സ്വാധീനം ചെലുത്തിയിരിക്കണം. പലപ്പോഴും വാക്കുകളേക്കാൾ ശക്തമായത് മാതാപിതാക്കളുടെ ജീവിതസാക്ഷ്യമാണ്.

പൗലോസ് തിമോഥെയോസിനെക്കുറിച്ച് പറയുമ്പോൾ, അവന്റെ വിശ്വാസം ആദ്യം അവന്റെ മുത്തശ്ശിയായ ലോവീസിലും അമ്മയായ യൂനീക്കയിലും പാർത്തിരുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്നു (2 തിമോഥെയോസ് 1:5). ഈ ആത്മീയ പാരമ്പര്യം പിന്നീട് തിമോഥെയോസിൽ തെളിഞ്ഞു. ഇതുപോലെ തന്നെയാണ് യെരൂശയുടെ വിശ്വാസവും യോഥാമിന്റെ ജീവിതത്തിൽ പ്രതിഫലിക്കുന്നത്. അമ്മയുടെ പ്രാർത്ഥനയും വിശ്വാസവും മകന്റെ ആത്മീയജീവിതത്തിന്റെ അടിത്തറയായി മാറിയിരിക്കുന്നു. “വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു” എന്ന വചനം (റോമർ 10:17) ഇവിടെ ഓർമ്മിക്കപ്പെടേണ്ടതാണ്; ദൈവവചനത്തോടുള്ള പരിചയവും ഭക്തിപൂർണ്ണമായ അന്തരീക്ഷവും യോഥാമിന്റെ ജീവിതത്തെ രൂപപ്പെടുത്തി.

അതോടൊപ്പം, യെരൂശയുടെ മാതൃത്വം വെറും ആത്മീയ ശിക്ഷണത്തിലേക്ക് മാത്രം പരിമിതമായിരുന്നില്ല; അത് ദൈവഭക്തിയുള്ള സ്വഭാവം വളർത്തുന്ന സമഗ്രമായ പരിശീലനമായിരുന്നു. യോഥാം തന്റെ പിതാവായ ഉസ്സീയാവിന്റെ അഹങ്കാരത്തിലും വീഴ്ചയിലും പങ്കുചേർന്നില്ലെന്ന സത്യം (2 ദിനവൃത്താന്തം 27:2), അമ്മയുടെ ബോധപൂർവ്വമായ മാർഗനിർദേശത്തിന്റെ തെളിവാണ്.

ഇവയെല്ലാം ചേർന്നുനോക്കുമ്പോൾ, അമ്മയായ യെരൂശയുടെ ആത്മീയ സ്വാധീനം യോഥാമിന്റെ വ്യക്തിത്വത്തെയും ഭരണത്തെയും ആഴത്തിൽ രൂപപ്പെടുത്തിയതായി വ്യക്തമാണ്. അവൾ നിശ്ശബ്ദമായി വിതച്ച വിശ്വാസത്തിന്റെ വിത്തുകൾ, പിന്നീട് യോഥാമിന്റെ ജീവിതത്തിലൂടെ ധാരാളമായ ഫലം കൊടുത്തു. ഈ സത്യം ഇന്നത്തെ അമ്മമാർക്കും വിശ്വാസികൾക്കും വലിയ ആത്മീയ പാഠമാണ് നൽകുന്നത്: ദൈവഭക്തിയുള്ള മാതൃത്വം തലമുറകളെ മാറ്റിമറിക്കാൻ കഴിയുന്ന ദൈവിക ശക്തിയാണ്.

4. യെരൂശയുടെ വ്യക്തിത്വ സവിശേഷതകൾ

യെരൂശയുടെ ജീവിതത്തെ ആഴത്തിൽ പരിശോധിക്കുമ്പോൾ, അവളുടെ വ്യക്തിത്വത്തിൽ ഏറ്റവും വ്യക്തമായി തെളിഞ്ഞുനിൽക്കുന്ന ഗുണം അവളുടെ വിനയം തന്നെയാണെന്ന് കാണാം. അവൾ യെഹൂദാ രാജാവിന്റെ ഭാര്യയും, പിന്നീട് രാജാവായ യോഥാമിന്റെ അമ്മയും ആയിരുന്നുവെങ്കിലും, അവളുടെ അധികാരമോ സാമൂഹിക സ്വാധീനമോ ബൈബിൾ ഒരിടത്തും പ്രദർശിപ്പിക്കുന്നില്ല. സാധാരണയായി രാജകീയ സ്ത്രീകളെക്കുറിച്ച് പറയുമ്പോൾ അവരുടെ സൗന്ദര്യം, ശക്തി, ഇടപെടലുകൾ, രാഷ്ട്രീയ സ്വാധീനം എന്നിവയെക്കുറിച്ച് ചരിത്രഗ്രന്ഥങ്ങൾ ഊന്നിപ്പറയാറുണ്ട്. എന്നാൽ യെരൂശയുടെ കാര്യത്തിൽ

ബൈബിൾ അവളുടെ പേര് പോലും വളരെ ലളിതമായി, ഒരു അമ്മ എന്ന നിലയിൽ മാത്രമാണ് രേഖപ്പെടുത്തുന്നത്. ഇത് അവളുടെ മഹത്വം മറച്ചു വയ്ക്കുന്നതല്ല, മറിച്ച് ദൈവത്തിന്റെ ദൃഷ്ടിയിൽ വിനയം എത്രമാത്രം വില പ്പെട്ടതാണെന്ന് വ്യക്തമാക്കുന്നതാണ്.

ഈ വിനയം അവളുടെ ജീവിതത്തിലെ നിശ്ശബ്ദതയിലൂടെയും പ്രതിഫ ലിക്കുന്നു. യെരൂശയുടെ വാക്കുകളെയോ തീരുമാനങ്ങളെയോ ബൈബിൾ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അവളുടെ നിശ്ശബ്ദത ബലഹീനതയുടെയോ നിർജ്ജീവതയുടെയോ അടയാളമല്ല; മറിച്ച് അത് ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചിരുന്ന ഒരു വിശ്വാസിയുടെ അടയാളമാണ്. യെരൂശ ദൈവത്തിന്റെ പ്രവർത്തനത്തെ മുൻനിർത്തി സ്വന്തം മഹത്വം പിന്നിലാക്കി ജീവിച്ച സ്ത്രീ യായിരുന്നു.

വിനയത്തോടൊപ്പം, യെരൂശയുടെ വ്യക്തിത്വത്തിലെ മറ്റൊരു പ്രധാന സവിശേഷത അവളുടെ വിശ്വാസത്തിലെ സ്ഥിരത ആയിരുന്നു. അവൾ ജീവിച്ച കാലഘട്ടം ആത്മീയമായി വളരെ സങ്കീർണ്ണമായിരുന്നു. ഭർത്താവായ ഉസ്സീയാവ് ദൈവത്തിന്റെ അനുഗ്രഹം ലഭിച്ചിട്ടും അഹങ്കാരത്തിലേക്ക് വീണതും ദൈവ ശിക്ഷ അനുഭവിച്ചതും (2 ദിനവൃത്താന്തം 26:1621) യെരൂശ നേരിൽ കണ്ട സംഭവങ്ങളാണ്. അത്തരം സാഹചര്യങ്ങളിൽ, ഒരാൾക്ക് ദൈവത്തെക്കുറിച്ച് സംശയം തോന്നുകയോ വിശ്വാസത്തിൽ ശൈഥില്യം ഉണ്ടാകുകയോ ചെയ്യാം. എങ്കിലും, യെരൂശയുടെ വിശ്വാസം തളർന്നതായി ബൈബിൾ ഒരിടത്തും സൂചി പ്പിക്കുന്നില്ല. മറിച്ച്, അവളുടെ വിശ്വാസത്തിന്റെ ഫലം അവളുടെ മകനായ യോഥാമിന്റെ ജീവിതത്തിലൂടെ വ്യക്തമായി പ്രകടമാകുന്നു.

യോഥാം തന്റെ പിതാവിന്റെ അഹങ്കാരത്തെയും വീഴ്ചയെയും അനുകരി ച്ചില്ല; മറിച്ച് "അവൻ തന്റെ ദൈവമായ യഹോവയുടെ മുമ്പാകെ നേരായതു ചെയ്തു" എന്ന സാക്ഷ്യം അവനു ലഭിച്ചു (2 ദിനവൃത്താന്തം 27:2). ഇത് അമ്മ യായ യെരൂശയുടെ ആത്മീയ കാവലിന്റെയും സ്ഥിരമായ ദൈവഭക്തിയുടെയും ശക്തമായ തെളിവാണ്. അവൾ തന്റെ വീട്ടിൽ വിശ്വാസത്തിന്റെ തീ കത്തിച്ചു നിർത്തിയ സ്ത്രീയായിരുന്നു. അവൾ ഭൗതികമായ ഒരു രാജമന്ദിരം മാത്രമല്ല, മറിച്ച് ആത്മീയമായ ഒരു മന്ദിരവും പണിതു.

അതോടൊപ്പം, യെരൂശയുടെ വ്യക്തിത്വത്തിൽ കാണുന്ന മറ്റൊരു ഗുണം ആന്തരിക ശക്തിയാണ്. പുറംലോകത്ത് അവൾ വലിയ അധികാരം പ്രകടിപ്പിച്ചി ല്ലെങ്കിലും, അവളുടെ ഉള്ളിലെ ആത്മീയ ശക്തി മകന്റെ ജീവിതത്തെ രൂപപ്പെടു ത്താൻ മതിയായിരുന്നു. അവളുടെ ശക്തി രാഷ്ട്രീയ ഇടപെടലുകളിലല്ല, പ്രാർ ത്ഥനയിലും വിശ്വാസത്തിലും ആയിരുന്നു.

ഇവയെല്ലാം ചേർന്ന് നോക്കുമ്പോൾ, യെരൂശയുടെ വ്യക്തിത്വം നിശ്ശബ്ദ മായെങ്കിലും ശക്തമായ ഒരു ആത്മീയ മാതൃകയായി നമ്മുടെ മുന്നിൽ നില കൊള്ളുന്നു. വിനയം, വിശ്വാസത്തിലെ സ്ഥിരത, ആത്മീയ കാവൽ, ഉള്ളിലെ ശക്തി എന്നീ ഗുണങ്ങൾ അവളെ ദൈവചരിത്രത്തിലെ ഒരു പ്രധാന സ്ത്രീ യാക്കി മാറ്റുന്നു. അവളുടെ ജീവിതം ഇന്നത്തെ വിശ്വാസികൾക്കും പ്രത്യേകിച്ച് സ്ത്രീകൾക്കും ഒരു വലിയ ആത്മീയ പാഠമാണ് നൽകുന്നത്: ദൈവത്തിന്റെ മുമ്പാകെ മഹത്വം നേടുന്നത് സ്ഥാനത്തിലൂടെയോ ശബ്ദത്തിലൂടെയോ അല്ല, മറിച്ച് വിനയപൂർണ്ണമായ വിശ്വാസജീവിതത്തിലൂടെയാണ്.

5. യെരൂശയുടെ ജീവിതത്തിൽ നിന്ന് ഇന്നത്തെ വിശ്വാസികൾക്കുള്ള പാഠങ്ങൾ

യെരൂശയുടെ ജീവിതം ബൈബിളിൽ വളരെ ചുരുങ്ങിയ വചനങ്ങളിലൂടെ യാണ് അവതരിപ്പിക്കപ്പെടുന്നത് എങ്കിലും, അവളുടെ ജീവിതസാക്ഷ്യം ഇന്നത്തെ വിശ്വാസികൾക്കും പ്രത്യേകിച്ച് അമ്മമാർക്കും കുടുംബങ്ങൾക്കും ആഴമുള്ള ആത്മീയ പാഠങ്ങളാണ് നൽകുന്നത്. അവളുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നത്, ദൈവം പലപ്പോഴും വലിയ പ്രവർത്തികൾ ചെയ്യുന്നത് ശ്രദ്ധ പിടിച്ചുപറ്റുന്ന വേദികളിലൂടെയല്ല, മറിച്ച് നിശ്ശബ്ദമായി വിശ്വസ്തത പാലിക്കുന്ന ജീവിതങ്ങളിലൂടെയാണെന്ന സത്യമാണ്. യെരൂശ ഒരിക്കലും പ്രസംഗവേദിയിൽ നിന്നിട്ടില്ല, അവളുടെ ശബ്ദം ചരിത്രത്തിൽ കേൾക്കപ്പെട്ടിട്ടില്ല; എങ്കിലും അവ ളുടെ ജീവിതം തന്നെയാണ് ശക്തമായ സാക്ഷ്യം. വിശ്വസ്തതയോടെ ജീവി ക്കുന്ന ഒരു ജീവിതം തന്നെ ദൈവത്തിന്റെ മഹത്വം വെളിപ്പെടുത്തുന്ന ഏറ്റവും ശക്തമായ പ്രസംഗമാണെന്നതാണ് യെരൂശ നൽകുന്ന സന്ദേശം.

ഇതോടൊപ്പം, യെരൂശയുടെ ജീവിതം മാതൃത്വത്തെക്കുറിച്ചുള്ള ബൈബി ളിലെ കാഴ്ചപ്പാട് നമുക്ക് വ്യക്തമായി കാണിച്ചുതരുന്നു. അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്, മാതൃത്വം വെറും സാമൂഹിക ഉത്തരവാദിത്വമല്ല, മറിച്ച് ഒരു ആത്മീയ ശുശ്രൂഷയാണ് എന്നതാണ്. അവൾ തന്റെ മകനെ ദൈവഭക്തി യിലും ശാസ്ത്രീയമായ അറിവിലും വളർത്തിയത്, ഒരു ആത്മീയ നിയോഗമായി അവൾ അതിനെ സ്വീകരിച്ചതിന്റെ തെളിവാണ്. ബൈബിൾ പറയുന്നു: "മക്കൾ യഹോവ നല്കുന്ന അവകാശമാണ്" (സങ്കീർത്തനം 127:3). ഈ അവകാശം ദൈവത്തിന്റെ വഴിയിൽ നയിക്കേണ്ടത് മാതാപിതാക്കളുടെ വിശുദ്ധ ഉത്തര വാദിത്വമാണ്. യെരൂശ ഈ ഉത്തരവാദിത്വം ഗൗരവത്തോടെ ഏറ്റെടുത്ത സ്ത്രീ യായിരുന്നു. അവളുടെ മാതൃത്വം, പ്രാർത്ഥനയിലൂടെയും മാതൃകാപരമായ ജീവിതത്തിലൂടെയും ദൈവശുശ്രൂഷയായി മാറിയിരുന്നു.

മൂന്നാമതായി, യെരൂശയുടെ ജീവിതം ദൈവഭക്തിയുള്ള സ്ത്രീകൾ ഭാവി തലമുറകളെ എങ്ങനെ ആത്മീയമായി രൂപപ്പെടുത്തുന്നു എന്ന സത്യത്തിന്റെ ശക്തമായ ഉദാഹരണമാണ്. അവളുടെ വിശ്വാസം അവളുടെ ജീവിതത്തിൽ മാത്രം ഒതുങ്ങിയില്ല; അത് അവളുടെ മകനായ യോഥാമിന്റെ ജീവിതത്തിലൂടെ അടുത്ത തലമുറയിലേക്ക് പകർന്നു. യെരൂശയുടെ നിശ്ശബ്ദ വിശ്വാസം, യോഥാ മിന്റെ നീതിപൂർവ്വമായ ഭരണത്തിലൂടെ രാജ്യത്തെ തന്നെ അനുഗ്രഹിച്ചു. ഇതിലൂടെ, ഒരു സ്ത്രീയുടെ ആത്മീയ വിശ്വസ്തത വ്യക്തികളെയും കുടുംബ ങ്ങളെയും മാത്രമല്ല, സമൂഹങ്ങളെയും രാജ്യങ്ങളെയും വരെ സ്വാധീനിക്കാൻ കഴിയുമെന്ന് നാം കാണുന്നു.

അതോടൊപ്പം, യെരൂശയുടെ ജീവിതം ഇന്നത്തെ വിശ്വാസികൾക്ക് ക്ഷമയു ടെയും സ്ഥിരതയുടെയും പാഠവും നൽകുന്നു. ഭർത്താവിന്റെ ആത്മീയ വീഴ്ച കളും രാജകീയ ജീവിതത്തിലെ സമ്മർദ്ദങ്ങളും അവൾ നേരിട്ടിരുന്നുവെങ്കിലും, അവൾ ദൈവത്തിൽ നിന്നു പിന്മാറിയില്ല. അവൾ നിശ്ശബ്ദമായി വിതച്ച വിശ്വാസ ത്തിന്റെ വിത്തുകൾ, യോഥാമിന്റെ ജീവിതത്തിലൂടെ സമൃദ്ധമായ ഫലം കായിച്ചു.

അവസാനമായി, യെരൂശയുടെ ജീവിതം ഇന്നത്തെ വിശ്വാസികൾക്ക് വിനയ ത്തിന്റെ ഒരു ശക്തമായ മാതൃകയാണ് നൽകുന്നത്. അവൾ തന്റെ പേര് ചരിത്ര ത്തിൽ ഉയർത്താൻ ശ്രമിച്ചില്ല; ദൈവത്തിന്റെ നാമം മഹത്വപ്പെടുക എന്നതായി രുന്നു അവളുടെ ലക്ഷ്യം. അവളുടെ നിശ്ശബ്ദ സാക്ഷ്യം ഇന്നും നമ്മെ വെല്ലു വിളിക്കുന്നു: ദൈവത്തിനുവേണ്ടി വലിയ സ്വാധീനം ചെലുത്താൻ, വലിയ ശബ്ദമോ വലിയ സ്ഥാനമോ ആവശ്യമില്ല; വിശ്വസ്തമായ, ദൈവഭക്തിയുള്ള ഒരു ജീവിതം മതി.

യെരൂശയുടെ പേര് ബൈബിളിൽ ഒരിക്കൽ മാത്രമേ പരാമർശിക്കപ്പെടു ന്നുള്ളൂ എങ്കിലും, അവളുടെ വിശ്വാസത്തിന്റെ ഫലം ഒരു നീതിമാനായ രാജാ വിന്റെ ജീവിതത്തിലൂടെ ചരിത്രത്തിൽ പതിഞ്ഞിരിക്കുന്നു. അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്, ദൈവത്തിന്റെ മുന്നിൽ മഹത്വം നേടാൻ വാക്കുകളുടെ വലുപ്പമോ വലിയ സ്ഥാനമോ ആവശ്യമില്ല എന്നതാണ്. നിശ്ശബ്ദമായ വിശ്വാ സവും സ്ഥിരമായ അനുസരണവും തലമുറകളെ മാറ്റിമറിക്കാൻ കഴിവുള്ള താണ്. യോഥാമിന്റെ അമ്മയായ യെരൂശ, ദൈവചരിത്രത്തിൽ നിശ്ശബ്ദമായി പ്രകാശിച്ച ഒരു ദീപംപോലെ ഇന്നും വിശ്വാസികൾക്ക് പ്രചോദനമായി തുടരുന്നു. ❑



ദനഹായ്ക്കു ശേഷമുള്ള ഒന്നാം ഞായർ

(മത്തായി 4:12-22)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

പ്രകാശത്തിന്റെ പെരുന്നാൾ ആയ ദനഹായിക്ക് ശേഷം സർവ ലോകത്തെയും പ്രകാശിപ്പിക്കുന്ന സത്യപ്രകാശം ലോകത്തിലെക്കു പരക്കുന്ന ചിന്തകളാണ് ഈ വേദഭാഗം മുൻപോട്ട് വയ്ക്കുന്നത്. നിലത്ത് വീണ വിത്ത് മുളച്ച് വളരുന്നതുപോലെ ലോകത്തിൽ വന്ന പ്രകാശം അന്ധകാരത്തിലേക്ക് തുളച്ച് കയറി പരക്കുന്ന കാഴ്ചയാണിവിടെ കാണുന്നത്

കാലത്തിന്റെ ചുവരെഴുത്തുകളെ വായിക്കുവാനുള്ള ആഹ്വാനം

മനുഷ്യാവതാരം ചെയ്ത മിശിഹായുടെ മുന്നോടിയാണ് യോഹന്നാൻ എന്ന് സുവിശേഷങ്ങൾ വളരെ വ്യക്തമായി പറഞ്ഞുവെക്കുന്നുണ്ട്. എന്നാൽ യേശുവിൻറെ പ്രവർത്തനങ്ങളുടെ ആരംഭം യോഹന്നാൻ തടവിലാക്കപ്പെട്ടതിന്റെ ശേഷമാണ് സംഭവിക്കുന്നത് എന്ന് ഇന്നത്തെ വേദഭാഗം ഓർമിപ്പിക്കുന്നുണ്ട്. യോഹന്നാന്റെ ശബ്ദം നിലച്ചിരിക്കുന്നു എന്ന് മനസ്സിലാക്കുന്ന കർത്താവ് തന്റെ ശബ്ദം ഉയരേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ് എന്ന് തിരിച്ചറിവോടെ തന്റെ പ്രവർത്തനങ്ങളിലേക്ക് ഇറങ്ങുകയാണ്.

മനുഷ്യത്വത്തിനും മനുഷ്യകുലത്തിനും നേരെയുള്ള എല്ലാ തരം അതിക്രമങ്ങളും നമ്മെ വേവലാതിപ്പെടുത്തണമെന്ന് ഇവിടെ കർത്താവ് നമ്മെ പഠിപ്പിക്കുകയാണ്. തന്റെ മുന്നിലുള്ള കാലഘട്ടത്തിന്റെ സംഘർഷങ്ങൾ കർത്താവ് ഏറ്റെടുക്കുകയാണ്. ഒരുപക്ഷേ യോഹന്നാൻ പ്രസംഗിച്ച മാനസാന്തരത്തിന്റെയും അനുതാപത്തിന്റെയും സാമൂഹിക പരിവർത്തനത്തിന്റെയും പ്രസംഗത്തെ കർത്താവ് നിശ്ചയദാർഢ്യത്തോടെ ഏറ്റെടുക്കുന്നതാണ് ഇവിടെ നാം ദർശിക്കുന്നത്.

നമ്മുടെ സമകാലീന ലോകത്തും കാലഘട്ടത്തോട് പ്രതികരിക്കുക എന്ന വലിയ ഉത്തരവാദിത്വം നമുക്കുണ്ട് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സാമൂഹിക ജീവിതത്തിലും ഉത്തരവാദിത്വങ്ങളിലേക്ക് ആവേശത്തോടെ കടന്നു വരുവാൻ ഉള്ള ഒരു ആഹ്വാനമാണിത്. നമുക്ക് മുമ്പുള്ളവർ ചെയ്തു തീർത്തയിടത്ത് വച്ച് നമുക്ക് പുതിയ തുടക്കങ്ങൾ ഉണ്ടാവണം. ഉത്തരവാദിത്വങ്ങളെ പ്രതിബദ്ധതയോടെ ഏറ്റെടുക്കണം കാലഘട്ടത്തിന്റെ സൂചനകളെ തിരിച്ചറിയുവാൻ കഴിയണം.

ഓരോ കാലഘട്ടങ്ങൾക്കും അതിൻറെതായ സവിശേഷതകൾ ഉണ്ട്. അതിനാൽ തന്നെ ദൈവവിളിയുടെ സ്വഭാവവും വ്യത്യസ്തമാകാം. ദൈവഹിതം എന്നത് എന്നും പുനർ വ്യാഖ്യാനിക്കപ്പെട്ടു കൊണ്ടിരിക്കണം.

പാർശ്വവൽക്കരിക്കപ്പെട്ടവരെ പ്രകാശിപ്പിക്കുവാൻ ഉള്ള ആഹ്വാനം

"അന്ധകാരത്തിൽ ഇരുന്ന ജനം വലിയ പ്രകാശം കണ്ടു; ഇരുട്ടിലും മരണനിഴലിലും ഇരിക്കുന്നവർക്ക് പ്രകാശം ഉദിച്ചു" എന്ന യെശയ്യാ പ്രവചനത്തെ കർത്താവിന്റെ പ്രവർത്തനവുമായി വിശുദ്ധ മത്തായി ശ്ലീഹാ ചേർത്ത് വായിക്കുകയാണ്. തന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭം തന്നെ തന്റെ രീതിശാസ്ത്രം വെളിപ്പെടുത്തുവാൻ കർത്താവ് ഉപയോഗിക്കുന്നതായി നമുക്ക് മനസ്സിലാക്കാം.

ചരിത്രപരമായി ഏറെ പ്രസക്തിയുള്ള ഇടങ്ങളിലാണ് യേശു തന്റെ പരസ്യ ശുശ്രൂഷ ആരംഭിക്കുന്നത്. യഹൂദ സാന്നിധ്യം താരതമ്യേന കുറവായ, അത്ര വികസിതമല്ലാത്ത ജാതികളുടെ ഗലീലയും കടലിനക്കരെയുള്ള കഫർണ്ണഹൂമിലും തന്റെ പ്രവർത്തനങ്ങൾ യേശു ആരംഭിച്ചു എന്നാണ് ലഭിക്കുന്ന സൂചന. യാഥാസ്ഥിതിക മതത്താലും രാഷ്ട്രീയത്താലും പുറന്തള്ളപ്പെട്ട ഒരു സങ്കര ജനതയുടെ സാന്നിധ്യമാണ് ഈ പ്രദേശങ്ങളിൽ നാം കാണുന്നത്. ജാതികളുടെ ഗലീലയെ സമൂഹത്തിലെ അധസ്ഥിതരുടെയും താഴ്ന്ന വിഭാഗക്കാരുടെയും ഇടമായി യഹൂദന്മാർ കണക്കാക്കിയിരുന്നു. ഈ മർദ്ദിത ജനതയുടെ ഭാഗമാകുവാനായി യേശുക്രിസ്തു കടന്നു ചെല്ലുകയാണ്. പാർശ്വവൽ



ക്കരിക്കപ്പെട്ടവരുടെ വിമോചനം എന്ന തന്റെ വരവിന്റെ ആത്യന്തിക ലക്ഷ്യത്തെ ഈ ആമുഖ ശുശ്രൂഷ മേഖലയിലൂടെ കർത്താവ് വരച്ചു കാട്ടുകയാണ്. വിശുദ്ധ ലൂക്കോസ് 4:18-19 വാക്യങ്ങളിൽ പ്രതിപാദിക്കുന്ന നസ്രത്ത് പ്രസംഗത്തിലും ജീവിതത്തിൽ തകർന്നുപോയവരെ പിടിച്ചുയർത്തുന്ന ക്രിസ്തു പ്രവർത്തന ശൈലിയുടെ പ്രഖ്യാപനം നാം കാണുന്നുണ്ട്.

ജീവിതത്തിൽ പലതരത്തിലുള്ള അന്ധകാരങ്ങളിൽ അകപ്പെട്ടുപോയ അനേക ജീവിതങ്ങളെ പ്രകാശിപ്പിക്കുന്ന സാന്ത്വന ശുശ്രൂഷയാണ് ഈ വേദഭാഗം നൽകുന്ന പ്രത്യാശ. ഒറ്റപ്പെട്ടു പോയ ഇടങ്ങളെ പ്രകാശിപ്പിക്കുക എന്ന ദൗത്യത്തിലേക്ക് ഓരോ ക്രിസ്ത്യാനിയും ഉയർന്നു വരേണ്ടതിന്റെ ആവശ്യകതയും ഇത് നമ്മെ ഓർമിപ്പിക്കുന്നു

വിളിയുടെ വിലയെ മനസ്സിലാക്കുവാനുള്ള ആഹ്വാനം

ദൈവരാജ്യത്തിന്റെ ശുശ്രൂഷയ്ക്കായി ശിഷ്യന്മാരിൽ നാല് പേരെ കർത്താവ് വിളിച്ചു വേർതിരിക്കുകയാണ്. തങ്ങളുടെ തൊഴിലിടങ്ങളിൽ അധ്വാനശീലരായിരിക്കുമ്പോൾ തങ്ങൾക്ക് ലഭിക്കുന്ന ദൈവവിളിയെ പൂർണമനസ്സോടെ ഉൾക്കൊള്ളുന്ന ശിഷ്യരെയാണ് നാം അവിടെ കാണുന്നത്. ഏലിയാവ് തന്നെ പ്രവാചകത്വത്തിന്റെ പിൻഗാമിയായി ഏലിശായേ തെരഞ്ഞെടുക്കുമ്പോൾ താൻ ഉഴുതുകൊണ്ടിരുന്ന കാളകളിൽ ഒരു ഏർ കാളയെ കൊന്ന് പാകം ചെയ്ത് ജനത്തിന് കൊടുത്തിട്ട് ഏലിയായുടെ ശുശ്രൂഷകനാകുന്ന ഏലീശായ നാം കാണുന്നുണ്ട്. തൊഴിലിടങ്ങളിൽ ദൈവശബ്ദതോട് പ്രതികരിക്കുന്ന ഇത്തരം ഉദാഹരണങ്ങൾ നമ്മുടെയും തൊഴിൽ മേഖലകളെ ദൈവികമാക്കുവാൻ നമ്മെ സഹായിക്കും.

മാതാപിതാക്കളെയും തങ്ങളുടെ മാർഗമായ വള്ളവും വലയും ഒക്കെ ഉപേക്ഷിച്ച് ക്രിസ്തുവിനെ അനുഗമിക്കുന്ന ശിഷ്യരെ ഇവിടെ നാം കാണുന്നുണ്ട്. തങ്ങൾക്കുള്ളതെല്ലാം ഉപേക്ഷിച്ച് ക്രിസ്തുവിനെ അനുഗമിക്കുവാൻ ഇവരെ പ്രേരിപ്പിച്ച ഘടകം എന്താവും. തങ്ങൾ ആസ്വദിക്കുന്നതിനേക്കാളും തങ്ങൾക്കുള്ളതിനേക്കാളും മൂല്യമേറിയതാണ് തങ്ങൾ ഇനിയും നേടുവാൻ ഉള്ളത് എന്ന് ആത്മാർത്ഥമായ തിരിച്ചറിവ് ആകാം ഇത്തരം ഒരു തീരുമാനത്തിലേക്ക് ഈ ശിഷ്യരെ കൂട്ടിക്കൊണ്ടുവരുന്നത്. നമ്മുടെ ദൈവവിളിയുടെ വില എന്നത് ആ വിളിയുടെ വിലയ്ക്കായി നാം എന്തു ഉപേക്ഷിക്കുന്നു എന്നതാണ്.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Church Calendar


Repent, for the kingdom of heaven is at hand.

First Sunday after Denaha (Epiphany)

(St. Matthew 4:12-22)

Philipose Ramban

(Jyothis Ashram, Abu Road, Rajasthan)



We celebrate two feast days immediately following the festival of Denaha. January 7th is the feast of the Beheading of St. John the Baptist, and January 8th is the memorial feast of St. Stephen the Martyr.

Both of these young men were martyrs for Christ. One was the forerunner of Christ; the other was the first martyr of the Church. It is by specially remembering these two martyrs that we move forward in our liturgical season.

We generally refer to this period as the "Denaha Season" (Epiphany). During certain weeks of this period, we are presented with individuals who came out of darkness and into a "wonderful light." Their knowledge of Christ gave their lives a new form and a new essence.

This week's Gospel portion is from St. Matthew 4:12-22. In this scripture, we can see two important events in the public ministry of Jesus.

The Journey from Nazareth to Galilee

While the baptism by John revealed Jesus' status as the Son of God to the world, it was the imprisonment of John that marked the beginning of Jesus' public ministry:

"Now when Jesus heard that John had been put in prison, He departed into Galilee. And leaving Nazareth, He went and dwelt in Capernaum" (St. Matthew 4:12-13).

Capernaum was a major city located on the northwest shore of the Sea of Galilee. The Lord left Nazareth, the place where He was brought up, to reside in Capernaum. This region, comprising the lands of Zebulun and Naphtali, was the first to be enslaved by the Assyrian kings (2 Kings 15:29). From that time onward, these lands lay in both spiritual and worldly darkness.

However, the prophet Isaiah comforted the people by prophesying about a "Great Light" that would rise in this region:

"The land of Zebulun and the land of Naphtali, by the way of the sea, beyond the Jordan, Galilee of the Gentiles: The people who sat in darkness have seen a great light, and upon those who sat in the region and shadow of death, Light has dawned" (Isaiah 9:1–2).

The Gospel writer notes that this prophecy was fulfilled with the arrival of the Messiah, the "Sun of Righteousness."

The Lord left Nazareth for Galilee because it was a place densely populated by Gentiles (non-Jews). He went there to show them the light of the Kingdom of God and to call His apostles. By leaving His hometown and the comforts and familiar surroundings of His upbringing, He was able to reach many more people.

This move also resulted in Him finding His disciples. In our own lives, it is often only when we renounce certain things that we are able to gain something for Christ. In the Old Testament, we see a similar pattern with Abraham, who left his own country and kindred at God's word, thereby becoming worthy of the title "Father of Believers."

Calling the First Disciples

For the primary work of the Kingdom of Heaven, the Lord called four people to become His disciples. The subject of His preaching was very simple,



yet very difficult to put into practice: "Repent, for the kingdom of heaven is at hand" (St. Matthew 4:17). In the Old Testament period, God chose shepherds (Moses and David were both shepherds), but in the New Testament period, He chose fishermen. Shepherds are those who tend to only one kind of animal, the sheep. Fishermen catch everything in their net without any discrimination of species. This can be considered a sign of choosing only the Jewish race in the Old Testament, whereas in the New Testament, all the nations of the world are invited into the Kingdom of Heaven.

They came after leaving their nets. The net was their means of livelihood; renouncing it was equivalent to renouncing everything. Following the Lord after leaving everything in this manner is exemplary. These men were unlettered. Moreover, they did not know the Greek language used by the scholars, the wealthy, and those in high positions of that time. These four were the first to come into the light of the Kingdom of God. They were highly skilled in their work, and their labor was mostly at night. But when Christ, the true light, called them into the light, they showed the insight to leave all familiar circumstances that had protected them until then and follow Him. It was a journey leaving the boat, the net, the father, and friends. That required extraordinary courage.

"Everyone who has left houses or brothers or sisters or mother or father or children or fields for my sake and for the gospel's sake will receive a hundredfold now in this time, with persecutions, and in the world to come, eternal life," as the Lord has said (St. Mark 10:29-30).

The criterion for accepting the message of the Kingdom of God can be summarized in one single word: "Repentance." Repentance, a change of mind and heart, is the main criterion for entering the Kingdom of God. Repentance is the change that occurs when we realize the state we are currently in and move toward the state in which we truly ought to be. The baptism of John the Baptist attracted people to this experience. It was brought to fulfilment through the public ministry of Christ and His disciples.

❑

വയലിനു വളമായ കളകൾ

(കളകളെ വിളകളിൽ നിന്ന് പറിച്ചു മാറ്റാത്ത ഗുരു പറഞ്ഞ കൃഷിക്കാരന്റെ കഥ)

ഫാ. അജീഷ് ബാബു



വയലിൽ വിത്തു വിതയ്ക്കുന്ന കാലം ഒരാവേശമാണ്, കൃഷിക്കാരന്. തന്റെ ആവേശത്തിലേക്ക് ഒരുകൂട്ടം ആളുകളെ കൃഷിക്കാരൻ ചേർത്തുപിടിക്കും. ഒറ്റയാൻ അധ്വാനമല്ല മറിച്ച് സൗഹൃദങ്ങളുടെ ആഴത്തിലുള്ള ചേർത്തുപിടിക്കലാണ് ഓരോ വിത്തു വിതയ്ക്കുന്ന കാലം. പ്രതീക്ഷയിലാണ് ഒരു കൂട്ടം ആളുകൾ വയലൊരുക്കി വിത്തു വിതയ്ക്കുന്നത്. വിത്തു വിതച്ച വരെ കുറിച്ച് 'മനുഷ്യർ' എന്നാണ് ഗുരുപറയുന്നത്. മണ്ണിനോട് നീതിപുലർത്തുന്നവരാണ് മനുഷ്യർ. പരസ്പരമുള്ള മനുഷ്യബന്ധങ്ങളിൽ പോലും ഉള്ള നീതിപുലർത്തൽ അത് മണ്ണിനെ പ്രതിയാണ്. ഉറങ്ങുന്ന മനുഷ്യന്റെ മണ്ണിൽ ശത്രുവാണ് കളവിതച്ചത്. മണ്ണിനോട് നീതിപുലർത്താതെ പോയ, കാർഷിക ബോധത്തിലെ മനുഷ്യത്വത്തെ വിലകൽപ്പിക്കാതെ പോയ മറ്റുള്ളവർ ഉറങ്ങുമ്പോൾ അവരുടെ അധ്വാനങ്ങളെ നശിപ്പിക്കുവാൻ ശ്രമിക്കുന്ന സഞ്ചാരിയാണ് ശത്രു.

മറ്റൊരു വായന

വിത്തും വയലും ഭൂമിയുള്ളവർക്കാണ് അതില്ലാത്തവരെല്ലാം ഭൂരഹിതരാണ്, അവരുടെ ശത്രുക്കൾ. ഇതിന്റെ മറുഭാഗം, എന്തിനുവേണ്ടി ആകാം ശത്രു ആ വയലിൽ കളവിതറിയത്?, ആരാകാം ആ വയലിൽ കളവിതറിയത്?. ഈ രണ്ടു ചോദ്യവും പ്രസക്തമാണ്. ഒന്നുവിൽ ഫ്യൂഡൽ അധികാര ലോകത്തോട് ചേർന്നുപോകാത്ത ഒരു സാമൂഹ്യ വ്യവസ്ഥിതിയുടെ അടയാളമാണ് അയാൾ. ശത്രു എന്ന പദം ഭൂ ഉടമയ്ക്ക് എതിരായി പ്രവർത്തിക്കുന്നവൻ എന്ന തലത്തിലാണ്. എല്ലാവരും ഉറങ്ങുമ്പോൾ ഉറങ്ങാതെ ഉറങ്ങുന്നവരെ ആക്രമിക്കാൻ, ഉറങ്ങുന്നവരുടെ വയലുകളെ ആക്രമിക്കാൻ, ഉറങ്ങുന്നവരുടെ വിത്തുകളെ ആക്രമിക്കാൻ നടത്തുന്ന ശ്രമം ജൂത വർഗീയതയ്ക്ക്, ജൂത ഫ്യൂഡൽ നയങ്ങൾക്ക് നേരെ ഉള്ള ചെറുത്തുനിൽപ്പ് തന്നെയാണ്.

കള വിതച്ച വയൽ

ഉറങ്ങുമ്പോൾ കോതമ്പിന്റെ ഇടയിൽ കള വിതെച്ചു പൊയ്ക്കളഞ്ഞു (മത്തായി 13:25). വിത്തിനുവേണ്ടി ഒരുങ്ങിയ പാടത്തിൽ വിത്തിനൊപ്പം കളവിച്ചു. വയൽ എല്ലാക്കാലത്തും ഒന്നിനെയും തള്ളിക്കളയാത്തതിന്റെ അടയാളമാണെന്ന് തോന്നും. വിത്തുകളുടെ ജീവന്റെ അംശത്തെ കീഴുമേൽ മറിക്കാൻ കളകൾ ശ്രമിക്കുമ്പോൾ വിത്ത് പാടത്തോട് ഏറെ സങ്കടപ്പെട്ടിരുന്നു. തങ്ങളുടെ വളർച്ചയിൽ അവകാശമായ വളവും മറ്റു സാധ്യതകളും കളകൾ അപഹരിക്കുമ്പോൾ പൊട്ടി വിരിയുന്ന വിത്തുകൾ ജീവന്റെ പങ്കുവെക്കൽ ഒപ്പം കണ്ണീർത്തുള്ളികളെ വയലിലേക്ക് കൈമാറുന്നുണ്ട്. വിത്തിന്റെ കണ്ണീർതുള്ളികൾ കണ്ടിട്ടും വയൽ വല്ലാത്ത നിശബ്ദതയിലാണ്.

നൽകുന്നതിന് എല്ലാം അപ്പാടെ സ്വീകരിക്കുന്ന വയൽ കുരിശിലെ ക്രിസ്തുവിനെ പോലെയാണ്. അത്ഭുതങ്ങളും അടയാളങ്ങളും കണ്ടു ആരവാരം മുഴക്കിയ ജനം തന്റെയൊപ്പം വിട്ടുമാറാതെ പിന്തുടർന്നുകൊണ്ടേയിരുന്നവരാണ്. ആ ജനം തന്നെയാണ് ക്രിസ്തുവിന്റെ സഹന വഴികളിൽ നിശബ്ദത പാലിക്കുന്നവരും. വിത്തെറിഞ്ഞ വയലിൽ കളകളും വളർന്നുവരുമ്പോൾ ഉണ്ടാകുന്ന നിശബ്ദത, കുരിശിൽ നിന്ന് ഒഴുകുന്ന ചോര തുള്ളികൾ നീതി നിഷേധിക്കപ്പെട്ടു പോയ ഒരു യൗവനക്കാരന്റെ ജീവിതത്തോട് ചേർന്ന് നിൽക്കുന്ന നിശബ്ദത തന്നെയാണ്.

മറുപുറം കളകളുടെ പ്രതിരോധ നിലപാടിനോട് ചേർന്ന് തന്റെ വിത്തും വളർന്നാൽ മതിയെന്ന് ആ കൃഷിക്കാരൻ ഉറച്ച് തീരുമാനിക്കുന്നുണ്ട്. കാരണം തന്റെ കൃഷിയിടത്തിൽ വളരുന്ന ഗോതമ്പ് ചെടികൾ തിരിച്ചറിയണം തങ്ങളുടെ ലോകത്തിന് പുറത്ത് ഒരു ലോകമുണ്ടെന്ന്. ഗോതമ്പ് ഒരു വംശീയതയുടെ അടയാളമാണെങ്കിൽ, അതിനു പുറത്തുള്ള ലോകത്തിന്റെ അടയാളമാണ് കളകൾ.

വയൽ മനസ്സ്

വിത്ത് വളർന്നു കതിരായി മാറിയപ്പോൾ കളകളും കൂടെ വളർന്നു എന്നുള്ള അറിവ് തന്റെ സഹപ്രവർത്തകർ കൃഷിക്കാരനോട് പറഞ്ഞു. അതിനു മറുപടിയായി കൃഷിക്കാരൻ പറയുന്നത് അത് ശത്രുവാണ് വിതച്ചത്. താനൊരുക്കിയ വയലിൽ തന്റെ വിത്തിനൊപ്പം ശത്രുവിന്റെ കള വളർന്നുവരുന്നുണ്ട് എന്നുള്ള അറിവ് തന്റെ സഹപ്രവർത്തകർ പറയുന്നതിനു മുന്നേ അയാൾ അറിഞ്ഞതാണ്. ശത്രു തന്നോട്, വയലിനോട് കാണിച്ച അനീതിയിൽ അയാൾ പുലർത്തുന്ന നിശബ്ദത എന്തിന്റെ പേരിലാണ്.

കള പറിച്ചാൽ തന്റെ വിത്തിന് നോവും, അതെ വിളകൾക്ക് അതിന്റെ നീതി നഷ്ടപ്പെടുന്നത് കളകളിലൂടെയാണ്. വിത്തിനെ സംബന്ധിച്ചിടത്തോളം തന്റെ ഒരിക്കൽ വളരുന്ന വിത്തുതന്നെയാണ് തന്റെ സുഹൃത്ത്. കള വിതച്ചു കഴിഞ്ഞപ്പോൾ ഓരോ വിത്തുകൾക്കും അതിന്റെ സുഹൃത്തുക്കളെ നഷ്ടപ്പെട്ടു. ഒരർത്ഥത്തിൽ സൗഹൃദം അപഹരിക്കുകയായിരുന്നു വയലിൽ കളകൾ ചെയ്തത്. എന്നിട്ടും വിത്ത് അതിന്റെ കതിരിനെ കൃഷിക്കാരനെ നൽകി. സൗഹൃദങ്ങളെ അപഹരിച്ച കളകളെ പരാജയപ്പെടുത്തികൊണ്ടാണ് സാക്ഷ്യത്തിന്റെ കതിരുകൾ പുറത്തുവന്നത്, ഒരർത്ഥത്തിൽ അത് അതിജീവനത്തിന്റെ കതിരാണ്.

കൊയ്ത്തുകാലം

ഗുരു പറയുന്ന വാക്കുകളിൽ ശത്രുവിനോട് പ്രതികാരം ചെയ്യാത്ത കൃഷിക്കാരനാണ് പ്രധാന കഥാപാത്രം. തന്റെ വയലിൽ കളവിതച്ച ആളിനെ തിരിച്ചറിഞ്ഞിട്ടും കൊയ്ത്തുകാലം വരെ അയാളുടെ കള തന്റെ വിളക്കൊപ്പം വളർത്തി. അതിന്റെ അർത്ഥം അയാളുടെ പ്രതിരോധത്തോട് ഒരു ഭാഗത്ത് വരെ മൗനമാണ്, അതോടൊപ്പം തന്റെ ഗോതമ്പുമണികൾക്ക് യാതൊരു കേടും സംഭവിക്കരുത് എന്ന് കൃഷിക്കാരന് നല്ല ബോധ്യവുമുണ്ട്.

കൊയ്ത്തു കാലത്തിന്റെ പ്രത്യേകത, കളകൾ വീണ്ടും തന്റെ വയലിൽ വളമായി. കളകളെല്ലാം ശേഖരിച്ച് വയലിൽ കൂട്ടിയിട്ട് കത്തിച്ചു, വളമായി. ഗോതമ്പുകൾ തന്റെ കളപ്പുരയിലേക്ക് കൊണ്ടുപോയി. കളകളോട് കൃഷിക്കാരൻ വച്ചു പുലർത്തുന്നത് ന്യായവിധി ആണെന്ന് നാം വായിക്കുമ്പോഴും അതിന്റെ മറുഭാഗം ശത്രുവിന്റെ പ്രതിരോധത്തെ തന്റെ ഭൂമിയിൽ അഴുകി ചേരുവാൻ ഇടം നൽകുന്ന കൃഷിക്കാരന്റെ ജീവിതവും വയലുമാണ്.

സ്വർഗ്ഗരാജ്യത്തെ കുറിച്ചുള്ള ഗുരുവിന്റെ വാക്കുകളിൽ കളപ്പുരയിലേക്ക് പോകുന്ന ഗോതമ്പുകൾ മാത്രമല്ല പ്രതിരോധത്തിന്റെ ഭാഗമായി വയലിൽ ചുട്ടു ചാമ്പലാകുന്ന കളകളുമുണ്ട്. വിത്തിനുവേണ്ടി മാത്രമാണ് വയൽ എന്ന പരമ്പരാഗത സങ്കല്പത്തെ ചെറുത്തു തോൽപ്പിക്കുന്നതാണ് അയാളുടെ പ്രതിരോധത്തിന്റെ കളകൾ. അങ്ങനെ വിത്തുകൾക്കൊപ്പം കൃഷിക്കാരൻ തന്റെ വയലിൽ ഒരു സ്ഥാനം നൽകി. ഇങ്ങനെ ജീവിതത്തിന്റെ മറുപുറം ചൂണ്ടിക്കാണിക്കുന്ന മൂന്നു സൂചികൾ ഉള്ള വാച്ചിനെ ഉപേക്ഷിച്ച് രണ്ടു സൂചികൾ ഉള്ള വാച്ച് മാത്രം കിട്ടുന്ന മനുഷ്യനെ പരിചയപ്പെടുത്തുന്ന സുന്ദരമായ ഒരു കഥ മധുശങ്കർ മീനാക്ഷിയുടെ ഫേവർല്യൂബ എന്ന കഥയിൽ വിവരിക്കുന്നുണ്ട്.

ഒരു ദിവസം ചാവി മുറുക്കുമ്പോഴാണ് ശ്രദ്ധിച്ചത്, വലിയ സൂചി കാണാനില്ല. കുലുക്കി നോക്കിയിട്ടും കണ്ടില്ല. ഒറ്റ സൂചി വെച്ച് എങ്ങനെ സമയം കണക്കാക്കാനാണ്? 'വലിയ സൂചി കാണാനില്ലേ?' ചിന്നയ്യന് അദ്ഭുതമായി. വാച്ച് തിരിച്ചും മറിച്ചുംനോക്കി. കൈമൾ പറഞ്ഞതു ശരിയാണ്. വലിയ സൂചി അപ്രത്യക്ഷമായിരിക്കുന്നു.


'കൈമളോട് ഞാൻ എത്രവട്ടം പറഞ്ഞിട്ടുണ്ട്, പുതിയതൊന്ന് വാങ്ങാൻ. എന്തൊക്കെ വാച്ചുകളാ ഇന്നു മാർക്കറ്റിലുള്ളത്. കൊളംബിലാണെങ്കിൽ ഞാൻ പോലും കാണാത്തതരം ഫോറിൻ വാച്ചുകളുണ്ടാകും. അക്കൂട്ടത്തിൽ ചാവി കൊടുക്കാതെ ഓടുന്ന ഒരെണ്ണം കൈമൾക്കു വാങ്ങിയാലെന്താ?' നീരസത്തോടെ ചിന്നയ്യൻ ചോദിച്ചു.

നാരായണക്കൈമൾ ഇരിപ്പിടത്തിൽനിന്ന് എഴുന്നേറ്റ് മറ്റാരും കേൾക്കാതെ ചിന്നയ്യന്റെ കാതിൽ അന്നൊരു സ്വകാര്യം പറഞ്ഞു: "ഞാൻ നോക്കിയെടോ. മാർക്കറ്റായ മാർക്കറ്റെല്ലാം കയറിയിറങ്ങി ഞാൻ പരതിനോക്കി. പുതുതായിറങ്ങുന്ന വാച്ചുകൾക്ക് മൂന്നാമതൊരു സൂചി കൂടിയുണ്ട്. അതാ പ്രശ്നം. ധൃതി പിടിച്ചുള്ള അതിന്റെ ഓട്ടം കാണുമ്പോൾ എനിക്കു പേടിയാകും. ലോകം ഇപ്പോ അവസാനിക്കുമെന്നു തോന്നും. സെക്കൻഡ് സൂചിയെന്നോ മറ്റോ ആണ് മൂന്നാമനു കൊളമ്പിൽ പേര്."

"വാച്ചിനെന്തിനാ മൂന്നു സൂചി. രണ്ട് സൂചി പോരേ? അതിന്റെ ഗുട്ടൻസ് എനിക്കു പിടികിട്ടുന്നില്ല. എന്നാലും കുഴപ്പമില്ലായിരുന്നു. മൂന്നാമത് വന്നവനെ സെക്കൻഡ്സൂചിയെന്ന് വിളിക്കുന്നതാ എനിക്കു പിടിക്കാത്തത്. രണ്ടു കഴിഞ്ഞാൽ മൂന്നല്ലേ? ഞാൻ പഴയ നാലാം ക്ലാസാ. പഠിച്ച കണക്കുകൾ ഓരോന്നായി തെറ്റും പോലെ."




കോട്ടയം ഭദ്രാസന ദിനത്തിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട 51 തൃതല പഞ്ചായത്ത് പ്രതിനിധികളെ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് ആദരിച്ചു. ഇതിൽ രണ്ടു പേർ പഞ്ചായത്ത് പ്രസിഡണ്ടുമാരാണ്.



പ്രകാശധാര ഡയറക്ടർ ഫാ. റോയ് സൈമണിന് മാർ തേവോദോസ്യോസ് എക്സലൻസ് അവാർഡ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് സമ്മാനിച്ചു.



മാസ്റ്റേഴ്സ് ഗെയിംസ് അസോസിയേഷൻ ഓഫ് കേരള സംസ്ഥാനതലത്തിൽ ജനുവരി 3, 4 തീയതികളിൽ തിരുവനന്തപുരത്ത് നടത്തിയ വെയ്റ്റ്‌ലിഫ്റ്റിങ് പവർലിഫ്റ്റിങ് മത്സരങ്ങളിൽ നാല് സ്വർണ്ണ മെഡലുകൾ നേടി അഭിമാന താരങ്ങളായിരിക്കുകയാണ് ദമ്പതികളായ സോളമനും ക്രിസ്റ്റിയും. ഭാര്യ ക്രിസ്റ്റി സോളമൻ. കളത്തിപ്പടിയിൽ പ്രവർത്തിക്കുന്ന 'സോളമൻസ് ജിം ഫിറ്റ്നസ് സെന്റർ ആൻഡ് സ്പോർട്സ് ക്ളബി'ന്റെ ഉടമസ്ഥരും അവിടെ ഫിറ്റ്നസ് പരിശീലകരുമാണ് ഇരുവരും. കോട്ടയം ചെറിയപള്ളി ഓർത്തഡോക്സ് മഹായിടവക അംഗങ്ങൾ.



സി. ജോൺ പണിക്കർ കോറെപ്പിസ്കോപ്പാ അന്തരിച്ചു

മാറനാട്: മലങ്കര ഓർത്തഡോക്സ് സഭ സീനിയർ വൈദികൻ മാറനാട് തെങ്ങുവിളയിൽ സി. ജോൺ പണിക്കർ കോറെപ്പിസ്കോപ്പാ (75) അന്തരിച്ചു. കൊല്ലം ഭദ്രാസന സെക്രട്ടറി, ഭദ്രാസന കൗൺസിൽ അംഗം, ഭദ്രാസന മർത്തമറിയം സമാജം വൈസ് പ്രസിഡന്റ്, ഭദ്രാസന ബാലസമാജം വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കൊല്ലം, മാവേലിക്കര, അടൂർ-കടമ്പനാട് ഭദ്രാസനങ്ങളിലെ വിവിധ ഇടവകകളിൽ വികാരിയായിരുന്നു. മാറനാട് പണിക്കർ കുടുംബാംഗമാണ്.

ഭാര്യ: കടമ്പനാട് പുത്തൻപുരയിൽ കുടുംബാംഗം ലീലാമ്മ ജോൺ.

മക്കൾ: ലിജോ ജെ. പണിക്കർ (ഐടി കൺസൽറ്റന്റ്, ബെംഗളൂരു), ഫാ. ബേസിൽ ജെ. പണിക്കർ (വികാരി, നല്ലില ബഥേൽ സെന്റ് ജോർജ് തീർഥാടന പള്ളി). മരുമക്കൾ: ആൻ ലിജോ, ലിഞ്ജു ബേസിൽ (ടെക്നിക്കൽ അസിസ്റ്റന്റ്, സെന്റ് ഗ്രിഗോറിയോസ് കോളജ് കൊട്ടാരക്കര). സംസ്കാരം നടത്തി.

◆ നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.


– പ. പരുമല തിരുമേനി

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



കുവൈറ്റ് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ഇടവകയിൽ ദനഹാ പെരുന്നാൾ ശുശ്രൂഷകൾക്ക് ഡോ. എബ്രഹാം മാർ സെറാഫീം മെത്രാപ്പോലീത്താ പ്രധാന കാർമ്മികത്വം വഹിച്ചു.

പുസ്തകം



സഭാജീവിത നാളാഗമം

(വാല്യം ഒന്ന്)

പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ

20-ാം നൂറ്റാണ്ട് ദർശിച്ച അപൂർവ്വ പ്രതിഭകളിൽ ഒരാളായ, സ്വന്തവും ചിന്താബന്ധുരവുമായ ഒരു ജീവിതദർശനം കേരളീയ സമൂഹത്തിനു നൽകിയ പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ 1956-1961 കാലത്തെ ഡയറിക്കുറിപ്പുകളുടെ സമാഹാരം. 350 പേജ്. വില 400 രൂപ. പരിമിതമായ കോപ്പികൾ മാത്രം.

2026 ജനുവരി 10-നു പ്രസിദ്ധീകരിക്കുന്നു. ജനുവരി 10-നു മുമ്പ് പണമടച്ച് ബുക്ക് ചെയ്യുന്നവർക്ക് 320 രൂപയ്ക്ക് തപാലിൽ ലഭിക്കുന്നു.

പ്രസാധകർ: **ജ്യോതിസ്സ് പബ്ലിക്കേഷൻസ്, ജ്യോതിസ്സ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ**

കോപ്പികൾക്കു 7012270083 എന്ന വാട്ട്സാപ്പ് നമ്പറിൽ ബന്ധപ്പെടുക.





അവിസ്മരണീയർ ഒന്നും രണ്ടും ഭാഗങ്ങൾ

ജോർജ് തഴക്കര

കേരളത്തിലെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക കലാ സാഹിത്യ ഭൂപടത്തിൽ തങ്ങളുടേതായ സംഭാവനങ്ങൾ നൽകി കടന്നുപോയ എൺപതിലധികം വ്യക്തികളുടെ ജീവചരിത്രങ്ങൾ അവിസ്മരണീയർ എന്ന പേരിൽ അഞ്ചു ഭാഗങ്ങളിലായി പ്രസിദ്ധീകരിക്കുന്നു. ഇതിന്റെ ഒന്നും രണ്ടും ഭാഗങ്ങൾ കൊല്ലം സുജിലി പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ചു.

ഒന്നാം ഭാഗത്തിൽ 2011-2012 വർഷങ്ങളിൽ കടന്നുപോയ 21 പേരുടെയും; രണ്ടാം ഭാഗത്തിൽ 2013-14 വർഷങ്ങളിൽ കടന്നുപോയ 19 പേരുടെയും സമഗ്ര ജീവചരിത്രം ഉൾപ്പെടുന്നു. ഒന്നാം ഭാഗത്തിന്റെ വില 200 രൂപയും; രണ്ടാം ഭാഗത്തിന്റെ വില 260 രൂപയുമാണ്.

+ 94473 55710, 8921 587848. sujilee.com വഴി ഓർഡർ ചെയ്യാൻ കഴിയും.



പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവായുമായി ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ കൂടിക്കാഴ്ച നടത്തി. സഭാ ആസ്ഥാനമായ കോട്ടയം ദേവലോകം അരമനയിലെത്തിയ അദ്ദേഹം സഭാധ്യക്ഷന് പുതുവത്സരാശംസകൾ നേർന്നു.



മലങ്കരസഭയുടെ കൽക്കത്താ ഭദ്രാസനത്തിലെ ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ കുവൈറ്റ് സോണിന്റെ നേതൃത്വത്തിൽ പ്രവാസി സെൽ രൂപികരിച്ചു. ഉദ്ഘാടനം ഡോ. യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ, അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലിത്താ എന്നിവർ ചേർന്ന് നിർവഹിച്ചു.



ചെങ്ങന്നൂർ ഭദ്രാസന വൈദിക കുടംബ സംഗമം ബഥേൽ അരമനയിൽ നടന്നു. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് ഉദ്ഘാടനം ചെയ്തു.



സുൽത്താൻ ബത്തേരി ഭദ്രാസന ദിനാഘോഷം 2026 ജനുവരി ഒന്നിന് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ദേവാലയത്തിൽ നടന്നു.